പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2019-2021)

ഏഴാമത് റിപ്പോർട്ട്

(2021 ജനുവരി 20-ാം തീയതി സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2019-2021)

ഏഴാമത് റിപ്പോർട്ട്

(2021 ജനുവരി 20-ാം തീയതി സമർപ്പിച്ചത്)

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം (1-17) | .. | 10-47 |

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി

## (2019-2021)

## കമ്മിറ്റിയുടെ ഘടന

<u>ചെയർമാൻ</u> :

ശ്രീ. എ. പ്രദീപ്കുമാർ.

<u>അംഗങ്ങൾ</u> :

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, ഒരു പീഡന കേസിലെ വാദിയായ കന്യാസ്ത്രീക്കെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ച് ശ്രീ. പി. സി. ജോർജ്, എം. എൽ. എ. ക്കെതിരെ സംസ്ഥാന വനിതാ കമ്മീഷൻ, ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള എന്നിവർ ബഹു. സ്പീക്കർക്ക് നൽകിയ പരാതികൾ സംബന്ധിച്ച് കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. പി. സി ജോർജ്, എം. എൽ. എ. ക്കെതിരെ സംസ്ഥാന വനിതാ കമ്മീഷൻ നൽകിയ പരാതി 18-9-2018-നും ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള നൽകിയ പരാതി 2-10-2018-നും പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് (2016-2019) റഫർ ചെയ്തു. 26-9-2018, 4-10-2018, 10-10-2018, 24-10-2018, 31-10-2018, 15-11-2018, 27-11-2018, 5-12-2018, 10-12-2018, 20-12-2018 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ മേൽ വിഷയം കമ്മിറ്റി വിശദമായി പരിശോധിച്ചു. ശ്രീ. പി. സി. ജോർജ്, എം. എൽ. എ, തനിക്കും കുടുംബത്തിനുമെതിരെ ആരോപണങ്ങൾ ഉന്നയിച്ചത് സംബന്ധിച്ച് കമ്മിറ്റി മുൻപാകെ നേരിട്ട് ഹാജരായി സത്യാവസ്ഥ വിശദീകരിക്കുവാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ട കന്യാസ്ത്രീയുടെ സഹോദരിയായ ശ്രീമതി ഡാർളി സാബു സമർപ്പിച്ച കത്തുകൾ സമിതി പരിഗണിക്കുകയും 2018 ഒക്ടോബർ 31-ാം തീയതിയിലെ യോഗത്തിൽ ശ്രീമതി ഡാർളി സാബുവിനെ നേരിൽ കേൾക്കുകയും ചെയ്തു. 2018 ഡിസംബർ 10-ാം തീയതിയിലെ യോഗത്തിൽ ആരോപണവിധേയനായ ശ്രീ. പി. സി ജോർജ്, എം. എൽ. എ. യിൽ നിന്നും നേരിട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

കമ്മിറ്റി യോഗങ്ങളിൽ നടന്ന ചർച്ചകളുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ കമ്മിറ്റി എത്തിച്ചേർന്ന നിഗമനവും കമ്മിറ്റിയുടെ ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പുകളും മറ്റ് ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

2021 ജനുവരി 18-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. പ്രദീപ്കുമാർ,
*ചെയർമാൻ,*
*പ്രിവിലേജസ്, എഥിക്സ് എന്നിവ*
*സംബന്ധിച്ച കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 20.

# റിപ്പോർട്ട്

(1) ഒരു പീഡന കേസിലെ വാദിയായ കന്യാസ്ത്രീക്കെതിരെ ശ്രീ. പി. സി. ജോർജ് എം.എൽ.എ. അപകീർത്തികരമായ പരാമർശങ്ങൾ നടത്തിവരുന്നുവെന്നും അദ്ദേഹത്തിനെതിരെ സാധ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ട് കേരള വനിതാ കമ്മീഷൻ അദ്ധ്യക്ഷ ശ്രീമതി എം. സി. ജോസഫൈൻ 13-9-2018-ന് ബഹു. സ്പീക്കർക്ക് ഒരു പരാതി സമർപ്പിച്ചിരുന്നു (അനുബന്ധം 1). ലൈംഗിക അതിക്രമത്തിന് ഇരയായ കന്യാസ്ത്രീയെക്കുറിച്ചും അവർക്ക് പിന്തുണ നൽകിയ മറ്റ് കന്യാസ്ത്രീകളെക്കുറിച്ചും അധിക്ഷേപകരമായി ശ്രീ. പി. സി. ജോർജ്, എം.എൽ.എ. സംസാരിച്ചുവെന്നും അവരെ സ്വഭാവഹത്യ നടത്തുന്നുവെന്നും ആയതിനാൽ സ്ത്രീവിരുദ്ധവും അപഹാസ്യകരവുമായ ഇത്തരം പരാമർശങ്ങൾ നടത്തുന്ന ഈ സാമാജികനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള എന്ന സംഘടന 13-9-2018-ൽ ബഹു. സ്പീക്കർക്ക് ഒരു പരാതി സമർപ്പിച്ചിരുന്നു (അനുബന്ധം 2). പ്രസ്തുത പരാതികൾ യഥാക്രമം 18-9-2018, 12-10-2018 എന്നീ തീയതികളിൽ ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി റഫർ ചെയ്തു (അനുബന്ധം 3 & 4).

(2) 2018 സെപ്റ്റംബർ 26-ന് ചേർന്ന പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി യോഗം കേരള വനിതാ കമ്മീഷൻ നൽകിയ പരാതി പരിശോധിക്കുകയും ശ്രീ. പി. സി. ജോർജ്, എം.എൽ.എ. നടത്തിയതായി പറഞ്ഞിട്ടുള്ള അപകീർത്തികരമായ പരാമർശങ്ങൾ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ അടിയന്തരമായി ലഭ്യമാക്കണമെന്ന് സംസ്ഥാന വനിതാ കമ്മീഷനോട് നിർദ്ദേശിക്കാനും പരാതിക്കാധാരമായ പത്രസമ്മേളനത്തിന്റെ ദൃശ്യങ്ങൾ ലഭ്യമാക്കാൻ വിവിധ ദൃശ്യമാധ്യമങ്ങളോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

(3) 2018 ഒക്ടോബർ 10-ാം തീയതി ചേർന്ന കമ്മിറ്റി യോഗത്തിൽ വനിതാ കമ്മീഷൻ സമർപ്പിച്ച തെളിവുകളും വിവിധ ദൃശ്യമാധ്യമങ്ങളിൽ നിന്നും ലഭിച്ച വീഡിയോ ക്ലിപ്പിംഗുകളും കമ്മിറ്റി പരിശോധിച്ചു. ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള സമർപ്പിച്ച പരാതി പരിശോധിക്കുകയും പരാതിയിലെ ആരോപണങ്ങളെ സാധൂകരിക്കുന്ന തെളിവുകൾ സമർപ്പിക്കാൻ പ്രസ്തുത സംഘടനയോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

(4) 2018 ഒക്ടോബർ 24-ാം തീയതി ചേർന്ന യോഗത്തിൽ ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള സമർപ്പിച്ച വീഡിയോ ദൃശ്യങ്ങൾ കമ്മിറ്റി പരിശോധിച്ചു ശ്രീ. പി. സി. ജോർജ്, എം.എൽ.എ. തനിക്കും കുടുംബത്തിനും എതിരെ ആരോപണങ്ങൾ ഉന്നയിച്ചത് സംബന്ധിച്ച് കമ്മിറ്റി മുമ്പാകെ നേരിട്ട് ഹാജരായി സത്യാവസ്ഥ വിശദീകരിക്കുവാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ട് പീഡനത്തിനിരയായ കന്യാസ്ത്രീയുടെ സഹോദരി ശ്രീമതി ഡാർളി സാബു കമ്മിറ്റി ചെയർമാനും ഈ വിഷയം സംബന്ധിച്ച് ബഹു. സ്പീക്കർക്കും സമർപ്പിച്ച കത്തുകൾ (അനുബന്ധം 5 & 6) കമ്മിറ്റി പരിഗണിക്കുകയും ശ്രീമതി ഡാർളി സാബുവിനെ നേരിൽ കേൾക്കാൻ തീരുമാനിക്കുകയും ചെയ്തു.

(5) 8-9-2018-ന് കോട്ടയത്തുവച്ച് നടത്തിയ പത്രസമ്മേളനത്തിന്റെ പൂർണ്ണ രൂപം വിവിധ ദൃശ്യമാധ്യമങ്ങൾ കമ്മിറ്റിക്ക് ലഭ്യമാക്കിയിരുന്നു. പത്രസമ്മേളനത്തിൽ ശ്രീ. പി. സി. ജോർജ്, എം.എൽ.എ. നടത്തിയ ചില പരാമർശങ്ങൾ നിശബ്ദമാക്കിയോ ചില ഭാഗങ്ങൾ എഡിറ്റ് ചെയ്ത് മാറ്റിയോ ആണ് ദൃശ്യമാധ്യമങ്ങൾ സംപ്രേക്ഷണം ചെയ്തതെന്നും ഈ വാർത്ത ഔചിത്യപൂർണ്ണമായാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതെന്നും കമ്മിറ്റി നിരീക്ഷിച്ചു. പീഡനത്തിനിരയായ കന്യാസ്ത്രീയെ വളരെ മോശമായ രീതിയിൽ പരാമർശിച്ചുകൊണ്ട് നടത്തിയ പത്രസമ്മേളനത്തിന്റെ മുഴുവൻ രൂപം പ്രമുഖ ദൃശ്യമാധ്യമങ്ങൾ സംപ്രേക്ഷണം ചെയ്തില്ലെങ്കിലും ചില ഓൺലൈൻ ചാനലുകൾക്ക് നൽകിയ അഭിമുഖത്തിൽ അവഹേളനപരമായ പരാമർശങ്ങൾ ശ്രീ. പി. സി. ജോർജ് ആവർത്തിച്ചത് അതേപടി ഓൺലൈനിൽ ലഭ്യമാണെന്നത് ഗൗരവകരമായ കാര്യമാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു.

(6) കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച് ശ്രീമതി ഡാർളി സാബു 31-10-2018-ലെ യോഗത്തിൽ കമ്മിറ്റി മുമ്പാകെ ഹാജരാകുകയും കമ്മിറ്റി അവരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. പീഡനത്തിനിരയായ തന്റെ സഹോദരിയായ കന്യാസ്ത്രീയെയും തന്റെ കുടുംബത്തേയും കുറിച്ച് ശ്രീ. പി. സി. ജോർജ്, എം.എൽ.എ. ദുരാരോപണങ്ങൾ ഉന്നയിച്ച് തങ്ങളെ അവഹേളിക്കാനും അപകീർത്തിപ്പെടുത്താനും ശ്രമിക്കുന്നുവെന്ന് ശ്രീമതി ഡാർളി സാബു കമ്മിറ്റിയെ അറിയിച്ചു. വിധവയായ താൻ ഭർത്താവിന്റെ പേരിൽ ലഭിച്ച ഇൻഷ്വറൻസ് തുകയും സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്ത തുകയും ചേർത്ത്, പാരമ്പര്യമായി ലഭിച്ച ഭൂമിയിൽ പണിത ഷോപ്പിംഗ് കോംപ്ലക്സ് തന്റെ സഹോദരി അനധികൃതമായി സമ്പാദിച്ച സ്വത്ത് കൊണ്ടാണ് നിർമ്മിച്ചതെന്ന് ശ്രീ. പി. സി. ജോർജ്, എം.എൽ.എ. പ്രചരിപ്പിക്കുന്നുവെന്നും ബിഷപ്പ് ഫ്രാങ്കോ മുളക്കലിന്റെ

കാർമികത്വത്തിൽ നടന്ന തന്റെ മകന്റെ ആദ്യ കുർബാന ചടങ്ങിനോടനുബന്ധിച്ച് എടുത്ത ചിത്രങ്ങൾ ഫോട്ടോഗ്രാഫറെ ഭീഷണിപ്പെടുത്തി ശ്രീ. പി. സി. ജോർജ്, എം.എൽ.എ. കൈക്കലാക്കിയെന്നും അവർ പരാതിപ്പെട്ടു. പ്രസ്തുത ചിത്രങ്ങൾ ചില മാധ്യമങ്ങൾ വഴി അദ്ദേഹം പ്രചരിപ്പിച്ചുവെന്നും അവ മോർഫ് ചെയ്തിട്ടുണ്ടെന്ന് സംശയിക്കുന്നുവെന്നും അവർ കമ്മിറ്റിയെ ബോധിപ്പിച്ചു. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ചെലവായ തുക ആർജ്ജിച്ചത് സംബന്ധിച്ച രേഖകൾ ശ്രീമതി ഡാർളി സാബു കമ്മിറ്റി മുമ്പാകെ സമർപ്പിച്ചു. ശ്രീ. പി. സി. ജോർജ്, എം.എൽ.എ. ഉന്നയിച്ച ആരോപണങ്ങൾക്ക് പരസ്യമായി മറുപടി പറയാൻ ഭയമുള്ളതുകൊണ്ടാണ് കമ്മിറ്റി ചെയർമാനും ബഹു. സ്പീക്കർക്കും കത്തു നൽകിയതെന്നും അദ്ദേഹം തങ്ങളെ പരസ്യമായി അപമാനിക്കുന്നത് ഈ കേസിൽ നിന്ന് പിൻമാറുന്നെങ്കിൽ പിൻമാറട്ടെ എന്ന കരുതിയാണെന്നും അവർ പറഞ്ഞു.

(7) ശ്രീ. പി. സി. ജോർജ്, എം.എൽ.എ.ക്കെതിരെ കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ട പരാതികളിന്മേൽ അദ്ദേഹത്തെ നേരിട്ട് കേൾക്കുന്നതിനായി 2018 നവംബർ 15-ാം തീയതിയിലെ യോഗത്തിൽ ഹാജരാകണമെന്ന് അറിയിച്ചിരുന്നുവെങ്കിലും അന്നേ ദിവസത്തെ യോഗത്തിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന അദ്ദേഹത്തിന്റെ ആവശ്യം 15-10-2018-ലെ കമ്മിറ്റി യോഗം അംഗീകരിച്ചു. ഭരണഘടനയുടെ അനുച്ഛേദം 20(3) പ്രകാരം തന്നിൽ നിന്ന് തെളിവെടുപ്പ് നടത്താൻ പാടില്ലെന്ന് കാണിച്ച് അദ്ദേഹം നൽകിയ കത്തും (അനുബന്ധം 8) പ്രസ്തുത യോഗത്തിൽ കമ്മിറ്റി പരിഗണിച്ചു. കന്യാസ്ത്രീയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കുറവിലങ്ങാട് പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതേ വിഷയത്തിൽ ദേശീയ വനിതാ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ചുവരികയാണെന്നും ആയതിനാൽ ഭരണഘടന പ്രകാരം കമ്മിറ്റി മുമ്പാകെ തെളിവ് നൽകാൻ ബാധ്യതയില്ലെന്നും തുടർ നടപടി അവസാനിപ്പിക്കണമെന്നുമുള്ള ശ്രീ. പി. സി. ജോർജ്, എം.എൽ.എ.യുടെ ആവശ്യം നിയമപരമായി നിലനിൽക്കുന്നതാണോ എന്ന് പരിശോധിക്കാൻ വേണ്ടി നിയമസഭാ സെക്രട്ടറിയെ കമ്മിറ്റി ചുമതലപ്പെടുത്തി.

(8) 2018 നവംബർ 27-ലെ യോഗത്തിൽ ശ്രീ. പി. സി. ജോർജ്, എം.എൽ.എ.യുടെ കത്തിന്മേലുള്ള നിയമസഭാ സെക്രട്ടറിയുടെ നിയമോപദേശം കമ്മിറ്റി വിശദമായി പരിശോധിക്കുകയും അദ്ദേഹത്തിന്റെ വാദഗതികൾ നിലനിൽക്കുന്നതല്ലെന്ന് വിലയിരുത്തുകയും ചെയ്തു. പരാതികളിന്മേൽ നടപടി തുടരുവാനും അടുത്ത യോഗത്തിൽ ശ്രീ. പി. സി. ജോർജ്, എം.എൽ.എ.യിൽ നിന്ന് തെളിവെടുക്കാനും യോഗം തീരുമാനിച്ചു.

(9) കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച് 2018 ഡിസംബർ 10-ാം തീയതി ശ്രീ. പി. സി. ജോർജ്, എം.എൽ.എ. കമ്മിറ്റി മുമ്പാകെ നേരിട്ട് ഹാജരായി. കന്യാസ്ത്രീ പീഡനത്തിനിരയായി എന്ന കേസിലെ വാദിയുമായോ പ്രതിയുമായോ യാതൊരു തരത്തിലും മുൻപരിചയം തനിക്കില്ലെന്നും "കന്യാസ്ത്രീ വേഷധാരിയായ സ്ത്രീ" യുടെ പരാതി കമ്മിറ്റി മുമ്പാകെ ഇല്ലാത്തിടത്തോളം ഈ വിഷയം കമ്മിറ്റി പരിശോധിക്കുന്നത് ശരിയല്ലെന്നും ശ്രീ. പി. സി. ജോർജ്, എം.എൽ.എ. പറഞ്ഞു. കുറവിലങ്ങാട് പോലീസ് സ്റ്റേഷനിൽ കന്യാസ്ത്രീ നൽകിയ എഫ്.ഐ. സ്റ്റേറ്റ്മെന്റിൽ ബലാൽസംഗം എന്നൊരു പദമില്ലായെന്നും കന്യാസ്ത്രീയുടെ മെഡിക്കൽ പരിശോധനാ റിപ്പോർട്ടിൽ മോശമായ പരാമർശങ്ങളാണ് ഉള്ളതെന്നും അദ്ദേഹം വെളിപ്പെടുത്തി. കന്യാസ്ത്രീയുടെ സ്വഭാവ ശുദ്ധിയെപ്പറ്റി അന്വേഷിക്കലല്ല അവരെപറ്റി ശ്രീ. പി. സി. ജോർജ്, എം.എൽ.എ. നടത്തിയ മോശം പരാമർശങ്ങളാണ് കമ്മിറ്റി പരിശോധനാ വിഷയം എന്ന് ഓർമ്മിപ്പിച്ചപ്പോൾ കന്യാസ്ത്രീയെ താൻ ****** എന്ന് വിളിച്ചത് സംബന്ധിച്ച പരാതിയായതിനാൽ അങ്ങനെ വിളിക്കപ്പെടാൻ അവർ യോഗ്യയാണെന്ന് തെളിയിക്കേണ്ട ബാധ്യതയുള്ളതിനാലാണ് കാര്യങ്ങൾ പറഞ്ഞതെന്നും ശ്രീ. പി. സി. ജോർജ്, എം.എൽ.എ., കമ്മിറ്റിയെ അറിയിച്ചു.

(10) പീഡനം നടന്നതായി പറയുന്നതിന്റെ തൊട്ടടുത്ത ദിവസം കന്യാസ്ത്രീയുടെ സഹോദരിയുടെ മകന്റെ ആദ്യ കുർബാന ചടങ്ങിൽ എടുത്ത ചിത്രങ്ങൾ ഫോട്ടോഗ്രാഫറെ ഭീഷണിപ്പെടുത്തി പോലീസ് കൈവശപ്പെടുത്താൻ ശ്രമിച്ചതറിഞ്ഞ് താൻ ആ ചിത്രങ്ങളുടെ ഒറിജിനൽ വാങ്ങി ഭദ്രമായി സൂക്ഷിക്കുന്നുണ്ടെന്ന് അറിയിച്ച ശ്രീ. പി. സി. ജോർജ്, എം.എൽ.എ. ഇതിൽപ്പെട്ട ചില ചിത്രങ്ങൾ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചു. പതിമൂന്ന് തവണ ബലാൽസംഗം ചെയ്യപ്പെട്ട സ്ത്രീ പന്ത്രണ്ടാമത്തെ തവണ വരെ പരാതിപ്പെടാതിരുന്നത് എന്തുകൊണ്ടാണെന്ന് പത്രസമ്മേളനത്തിൽ ശ്രീ. പി. സി. ജോർജ്, എം.എൽ.എ. ചോദിച്ച ചോദ്യം അദ്ദേഹം കമ്മിറ്റി മുമ്പാകെയും ആവർത്തിച്ചു. ഒരു കന്യാസ്ത്രീ തെറ്റ് ചെയ്ത ആളെന്നുകണ്ടാൽ പൊതുപ്രവർത്തകൻ എന്ന നിലയിൽ അത് തെറ്റാണെന്ന് താൻ പറയുമെന്നും അവരെ നന്നാക്കാനുദ്ദേശിച്ചാണ് താൻ ഇതൊക്കെ പറയുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒരു നിയമസഭാംഗം ഇത്തരത്തിലുള്ള പ്രസ്താവനകൾ നടത്തുന്നത് ശരിയാണോ എന്ന ചോദ്യത്തിന് നിയമസഭാംഗം ആയതുകൊണ്ടാണ് താൻ പറയുന്നത് ആളുകൾ ശ്രദ്ധിക്കുന്നതെന്നും ഒരു സ്ത്രീ നിരപരാധിയെന്നുകണ്ടാൽ അവരോടൊപ്പം നിൽക്കുമെന്നും അദ്ദേഹം അറിയിച്ചു. ഈ വിഷയത്തിൽ ഇടപെട്ട കന്യാസ്ത്രീകളിൽ ആറ് പേർ

പിഴച്ചുപോയെന്ന് കമ്മിറ്റി മുമ്പാകെ പറയുന്നത് അക്കാര്യത്തിൽ തനിക്ക് ബോധ്യമുള്ളത് കൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. എറണാകുളത്ത് നടന്ന സത്യാഗ്രഹത്തിൽ പങ്കെടുത്ത മൂന്ന് കന്യാസ്ത്രീകളെ 'കന്യകാത്വ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് പത്രസമ്മേളനത്തിൽ പറഞ്ഞത് എന്തടിസ്ഥാനത്തിലാണെന്നും ഇത് അവരെ മാനസികമായി തളർത്താൻ ഉദ്ദേശിച്ചായിരുന്നില്ലേ എന്നും ചോദിച്ചപ്പോൾ അവരിൽ രണ്ട് പേരെ നേരിട്ട് തനിക്ക് പരിചയമുണ്ടെന്നും അങ്ങനെ പറഞ്ഞത് അവരുടെ സ്വഭാവത്തെപ്പറ്റി ബോധ്യമുള്ളതുകൊണ്ടാണെന്നും അവരിൽ രണ്ട് പേർ സമരത്തിന് ശേഷം തന്നെ വിളിച്ച് അവരുടെ പേര് പരസ്യമാക്കരുതെന്നും ഇനി സമരത്തിന് ഇല്ലെന്നും തന്നോട് പറഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

(11) ഒരു സ്ത്രീപീഡന കേസിൽ പോലീസ് അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഒരു ഉത്തരവാദപ്പെട്ട നിയമസഭാംഗം മാധ്യമങ്ങളിലൂടെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഇരയെക്കുറിച്ച് ഉന്നയിക്കുന്നത് കേസന്വേഷണത്തെ ദുർബ്ബലപ്പെടുത്താനും അട്ടിമറിക്കാനുമല്ലേയെന്ന് ചോദിച്ചപ്പോൾ ആദ്യ കുർബാന ചടങ്ങിന്റെ ഫോട്ടോഗ്രാഫറെ വിളിച്ചുവരുത്തി വിശദമായി ചോദിച്ചാൽ കാര്യങ്ങൾ വ്യക്തമാകും എന്നാണ് ശ്രീ. പി. സി. ജോർജ്, എം.എൽ.എ. മറുപടി പറഞ്ഞത്. കന്യാസ്ത്രീയുടെ പരിശുദ്ധി സംബന്ധിച്ച വിഷയമല്ല കമ്മിറ്റിയുടെ മുന്നിലെന്നും മറിച്ച് ഒരു നിയമസഭാംഗം ഒരിക്കലും പറയാൻ പാടില്ലാത്ത കാര്യങ്ങൾ പരസ്യമായി പറഞ്ഞു കൊണ്ട് ബലാൽസംഗ കേസിലെ ഇരയ്ക്കും അവരുടെ കുടുംബത്തിനും സ്ത്രീ സമൂഹത്തിന് പൊതുവേയും ഉണ്ടാക്കിയിട്ടുള്ള അപമാനമാണെന്നും കന്യാസ്ത്രീയെ പറ്റി നടത്തിയ അവഹേളനപരമായ പരസ്യപ്രസ്താവനകളുടെ അർത്ഥവ്യാപ്തിയെക്കുറിച്ച് അറിവുള്ളതല്ലേയെന്നും ചോദിച്ചപ്പോൾ മാന്യമായി ജീവിക്കുന്ന ആരെപ്പറ്റിയും താൻ ഒന്നും പറയാറില്ലെന്നും പതിമൂന്ന് പ്രാവശ്യം ശാരീരിക ബന്ധം പുലർത്തി എന്ന് മൊഴി നൽകിയ സ്ത്രീ കന്യാസ്ത്രീ പദവി ഒഴിഞ്ഞുപോകണം എന്നു മാത്രമാണ് താൻ പറഞ്ഞതെന്ന് ശ്രീ. പി. സി. ജോർജ്, എം.എൽ.എ. അറിയിച്ചു.

(12) ഒരു ന്യൂസ് ചാനൽ അഭിമുഖത്തിൽ കന്യാസ്ത്രീയുടെ മെഡിക്കൽ പരിശോധന റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് കന്യാസ്ത്രീ 'അപഥ സഞ്ചാരിണി' എന്ന് സ്ഥാപിക്കാൻ ശ്രമിച്ചതിനെക്കുറിച്ചും പ്രസ്തുത റിപ്പോർട്ടിന്റെ ആധികാരികതയെ കുറിച്ചും ചോദിച്ചപ്പോൾ ചിലർ പറഞ്ഞ് അറിഞ്ഞതാണ് റിപ്പോർട്ടിലെ വിവരങ്ങളെന്ന് അദ്ദേഹം പറഞ്ഞു. കന്യാസ്ത്രീയുടെ സഹോദരിയുടെ മകന്റെ ആദ്യ കുർബാന ചടങ്ങിൽ എടുത്ത ഫോട്ടോകൾ

മോർഫ് ചെയ്ത് പ്രചരിപ്പിച്ചെന്ന സഹോദരിയുടെ ആരോപണം സംബന്ധിച്ച് ഇതുവരെ താൻ ഈ ഫോട്ടോകൾ ആരെയും കാണിച്ചിട്ടില്ലെന്നും ഏതെങ്കിലും മാധ്യമങ്ങളിൽ ചിത്രം വന്നിട്ടുണ്ടെങ്കിൽ തനിക്ക് ഉത്തരവാദിത്തം ഇല്ലെന്നും അദ്ദേഹം പറഞ്ഞു. സമാനമായ ചില കേസുകളിൽ കുറ്റാരോപിതന് അനുകൂലമായി സംസാരിച്ചത് സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവും പ്രതികളെ രക്ഷപ്പെടുത്താനുള്ള ഇടപെടലുമല്ലേ എന്ന ചോദ്യത്തിന് അക്കാര്യം നിഷേധിക്കുന്നുവെന്ന് അദ്ദേഹം മറുപടി നൽകി. കന്യാസ്ത്രീയെപ്പറ്റി നടത്തിയ "ഒരു പദപ്രയോഗം" സംബന്ധിച്ച് വിവാദമുണ്ടായപ്പോൾ ആ പദം പിൻവലിക്കുകയും ഖേദ പ്രകടനം നടത്തുകയും ചെയ്തിട്ടുണ്ടെന്നും മറ്റ് കാര്യങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടിട്ടില്ലെന്നും അതിൽ പശ്ചാത്താപം ഇല്ലെന്നും അദ്ദേഹം പറഞ്ഞു. തന്റെ ആസ്തികളുടെ ഉറവിടം സംബന്ധിച്ച കൃത്യമായ രേഖകൾ കന്യാസ്ത്രീയുടെ സഹോദരി കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും വിധവയായ ഒരു സ്ത്രീയെ പൊതുജനമധ്യത്തിൽ താറടിച്ച് കാണിച്ചെന്നും അവഹേളനങ്ങൾ തുടർന്നാൽ മരിക്കേണ്ടി വരുന്ന സാഹചര്യമാണ് ഉള്ളതെന്നും കന്യാസ്ത്രീയുടെ സഹോദരി കമ്മിറ്റി മുമ്പാകെ മൊഴിനൽകേണ്ടിവന്ന അവസ്ഥ സൃഷ്ടിച്ചത് നിയമസഭാംഗങ്ങൾക്കായുള്ള പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമല്ലേയെന്ന് ചോദിച്ചപ്പോൾ കന്യാസ്ത്രീ വേഷധാരിയായ സ്ത്രീ അനധികൃതമായി സമ്പാദിച്ചതാണ് കുടുംബത്തിന്റെ സ്വത്ത് എന്ന കാര്യത്തിൽ തനിക്ക് സംശയമില്ലെന്ന് ശ്രീ. പി. സി. ജോർജ്, എം.എൽ.എ. പറഞ്ഞു. സ്ത്രീവിരുദ്ധമായ വാക്കുകളും പ്രയോഗങ്ങളും നിരന്തരം നടത്തുന്നത് സംബന്ധിച്ച ചോദ്യത്തിന് ആ വാക്കുകൾ എല്ലാം അവർക്ക് യോഗ്യമാണ് എന്നാണ് താൻ കരുതുന്നതെന്നും ചിലതൊക്കെ നാടൻ പ്രയോഗങ്ങൾ ആണെന്നും അദ്ദേഹം മറുപടി നൽകി.

**കമ്മിറ്റിയുടെ നിഗമനം**

(13) പീഡന കേസിലെ വാദിയായ കന്യാസ്ത്രീക്കെതിരെ മോശമായ പരാമർശങ്ങൾ ശ്രീ. പി. സി. ജോർജ്, എം.എൽ.എ. നടത്തിവരികയാണെന്നും അവരെ പിന്തുണച്ചവരെ അദ്ദേഹം സ്വഭാവഹത്യ നടത്താൻ ശ്രമിക്കുന്നുവെന്നും ആരോപിച്ച് ലഭിച്ച പരാതികളിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരമായി ശരിയാണെന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു. 8-9-2018-ന് ശ്രീ. പി. സി. ജോർജ്, എം.എൽ.എ. കോട്ടയത്തുവച്ച് നടത്തിയ പത്രസമ്മേളനത്തിന്റെ മുഴുവൻ സമയ വീഡിയോ റെക്കോർഡിംഗ് കമ്മിറ്റി വീക്ഷിക്കുകയും അങ്ങേയറ്റം മോശമായ പദപ്രയോഗങ്ങളാണ് മാധ്യമ പ്രതിനിധികൾക്ക് മുമ്പാകെ വാദിയായ കന്യാസ്ത്രീയെപ്പറ്റി നടത്തിയതെന്ന് ബോധ്യപ്പെടുകയും ചെയ്തു

തുടർന്നുള്ള ദിവസങ്ങളിൽ മാധ്യമങ്ങളോട് സംസാരിക്കുമ്പോഴെല്ലാം തന്റെ ആരോപണങ്ങളിൽ അദ്ദേഹം ഉറച്ചു നിന്നുവെന്നും കന്യാസ്ത്രീക്കെതിരെ നടത്തിയ ഒരു പദപ്രയോഗം താൻ പിൻവലിക്കുന്നുവെന്ന് പിന്നീട് ഒരു ചാനൽ അഭിമുഖത്തിൽ പറഞ്ഞുവെങ്കിലും ആ പദപ്രയോഗം നടത്തുന്നതിനടിസ്ഥാനമായി അദ്ദേഹം പറഞ്ഞ കാരണത്തിന്റെ വിശദീകരണത്തോടെ ആ ഖേദപ്രകടനം അർത്ഥശൂന്യമായിപ്പോയെന്നും കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. ഒരു സ്ത്രീപീഡനക്കേസിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തിവരവേ അതിനു സമാന്തരമായി വാദിയായ സ്ത്രീയുടെ സ്വകാര്യവും കുടുംബപരവുമായുള്ള കാര്യങ്ങളും മറ്റും അന്വേഷിച്ചുകൊണ്ടും തെളിവുകൾ ശേഖരിച്ചുകൊണ്ടും അവ പരസ്യപ്പെടുത്തി കൊണ്ടും ശ്രീ. പി. സി. ജോർജ്, എം.എൽ.എ. നടത്തിയ നീക്കങ്ങൾ സ്ഥാപിത താൽപ്പര്യത്തോടുകൂടിയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു. പീഡന കേസിലെ ഇരകൾക്ക് കേസന്വേഷണ സമയത്തും വിചാരണവേളയിലും പ്രത്യേക അവകാശങ്ങൾ നൽകി സംരക്ഷിക്കുന്ന നിയമ വ്യവസ്ഥ നിലനിൽക്കേ ഒരു ജനപ്രതിനിധി തന്നെ അവയെല്ലാം തൃണവൽഗണിച്ചുകൊണ്ട് ഇരയെ താറടിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ പരസ്യമായി നടത്തിയത് വളരെ ഗുരുതരമാണെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിൽ "അംഗങ്ങളുടെ വ്യക്തി താൽപ്പര്യവും പൊതുതാൽപ്പര്യവും തമ്മിൽ വൈരുദ്ധ്യമുണ്ടാകുന്ന സംഗതിയിൽ അവർ വ്യക്തി താൽപ്പര്യങ്ങളെ തങ്ങളുടെ പൊതുസ്ഥാനത്തിന്റെ കർത്തവ്യത്തിന് കീഴ്പ്പെടുത്തികൊണ്ട് വൈരുദ്ധ്യം വേർപ്പെടുത്തേണ്ടതാണ്" (ചട്ടം 46) എന്ന് പറഞ്ഞിട്ടുള്ളതിന്റെ വ്യക്തമായ ലംഘനമാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളതെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. പൊതുജീവിതത്തിൽ ഉയർന്ന നിലവാരത്തിലുള്ള സന്മാർഗ്ഗികതയും അന്തസ്സും മര്യാദയും മൂല്യങ്ങളും അംഗങ്ങൾ നിലനിർത്തേണ്ടതാണെന്ന് പെരുമാറ്റച്ചട്ടത്തിൽ പറഞ്ഞിരിക്കുന്നതിനെ (ചട്ടം 50) നിസ്സാരവൽക്കരിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രവൃത്തികളെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

(14) എം. എൻ. കൗൾ ആന്റ് എസ്. എൽ. ശക്ധറിന്റെ Practice and Procedure of Parliament എന്ന ആധികാരിക ഗ്രന്ഥത്തിന്റെ പന്ത്രണ്ടാം അദ്ധ്യായത്തിന്റെ (Conduct of Members) ആദ്യ ഖണ്ഡിക ഇപ്രകാരമാണ്. "Inorder to maintain the highest traditions in Parliamentary life, Members of Parliament are expected to observe a certain standard of conduct both inside the House as well as outside it. Their behaviour should be such as to enhance the dignity of Parliament and its members in general.

The conduct of members should not be contrary to the usage, or derogatory to the diginity of the House or in any way inconsistent with the standards which parliament is entitled to expect of its members." നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ മഹത്തായ മൂല്യങ്ങൾ നിയമസഭയ്ക്ക് അകത്തും പുറത്തും കാത്തു സൂക്ഷിക്കാനുള്ള ഉത്തരവാദിത്തം ഓരോ അംഗത്തിനുമുണ്ട് എന്നിരിക്കെ ഒരു മുതിർന്ന അംഗമായ ശ്രീ. പി. സി. ജോർജ്, എം.എൽ.എ. പെരുമാറ്റച്ചട്ടങ്ങൾ ഒന്നും തനിക്ക് ബാധകമല്ലെന്ന രീതിയിൽ അതിരുവിട്ട പരാമർശങ്ങൾ നടത്തുകയും ക്രിമിനൽ കേസന്വേഷണവേളയിൽ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നത് നിയമസഭയെന്ന ഭരണഘടനാ സ്ഥാപനത്തോട് കാണിക്കുന്ന കടുത്ത അനാദരവാണെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

(15) പതിനാലാം ലോക്സഭയുടെ കാലയളവിൽ ചില പാർലമെന്റംഗങ്ങൾ സഭയിൽ ചില ചോദ്യങ്ങൾ ചോദിക്കുന്നതിന് സ്വകാര്യസ്ഥാപനങ്ങളിൽ നിന്ന് പണം കൈപ്പറ്റിയെന്ന ആരോപണം അന്വേഷിക്കാൻ നിയുക്തമായ പ്രത്യേക സമിതി 2005 ഡിസംബർ 22-ന് ലോക്സഭയുടെ മേശപ്പുറത്തുവച്ച റിപ്പോർട്ടിൽ "The Committee feel that credibility of a democratic institution like Parliament and impecable integrity of its members are imperative for the success of any democracy" എന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഈ നിരീക്ഷണം വളരെ പ്രസക്തമാണെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. പെരുമാറ്റ ചട്ടലംഘനം നടത്തിയ അംഗങ്ങൾക്കെതിരെ ശക്തമായ നടപടിക്ക് ശിപാർശ ചെയ്ത പ്രസ്തുത സമിതി റിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "The Committee wish to emphasise that ensuring probity and standards in public life is *sine qua non* for carrying credibility with the public apart from its own intrinsic importance. The waning confidence of the people in their elected representatives can be restored through prompt action alone."

പ്രസ്തുത സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പതിനാലാം ലോക്സഭയിലെ പത്ത് അംഗങ്ങളുടെ അംഗത്വം ലോക്സഭാ സ്പീക്കർ സഭയുടെ അനുമതിയോടെ റദ്ദാക്കുകയുണ്ടായി. സ്പീക്കറുടെ ഈ നടപടി സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെട്ടുവെങ്കിലും സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് പാർലമെന്റ് സ്വീകരിച്ച ശിക്ഷാനടപടി ശരിവയ്ക്കുകയാണ് ചെയ്തത്.

**കമ്മിറ്റിയുടെ ശിപാർശ**

പീഡനക്കേസിലെ വാദിയായ കന്യാസ്ത്രീക്കെതിരെ ശ്രീ. പി. സി. ജോർജ്, എം.എൽ.എ. മോശമായ പരാമർശങ്ങൾ നടത്തി വരികയാണെന്നും അവരെ പിന്തുണച്ചവരെ അദ്ദേഹം സ്വഭാവഹത്യ നടത്താൻ ശ്രമിക്കുന്നുവെന്നും ആരോപിച്ച് ലഭിച്ച പരാതികളിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരമായി ശരിയാണെന്ന് കമ്മിറ്റി വിലയിരുത്തുന്നു. പീഡന കേസിലെ ഇരയ്ക്ക് പൊതുസമൂഹം നൽകേണ്ട പിന്തുണയ്ക്കും സംരക്ഷണത്തിനും വിരുദ്ധമായി സമൂഹത്തിന് മാതൃകയാകേണ്ട ഒരു നിയമസഭാംഗം തന്റെ വ്യക്തി താൽപ്പര്യങ്ങൾ മുൻനിർത്തി അവരെ മോശക്കാരിയാക്കി ചിത്രീകരിക്കാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപം വളരെ ഗൗരവതരമാണെന്ന് കമ്മിറ്റി നിരീക്ഷിക്കുന്നു. പൊതുജീവിതത്തിൽ ഉയർന്ന നിലവാരത്തിലുള്ള സാന്മാർഗ്ഗികതയും അന്തസ്സും മര്യാദയും മൂല്യങ്ങളും നിലനിർത്താൻ നിയമസഭാംഗങ്ങൾ ബാധ്യസ്ഥരാണെന്നിരിക്കെ ശ്രീ. പി. സി. ജോർജിന്റെ ഈ വിഷയത്തിലുണ്ടായ പ്രവൃത്തികൾ നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനമാണെന്നും നിയമസഭയുടെയും അതിലെ അംഗങ്ങളുടെയും അന്തസ്സിന് കോട്ടം തട്ടുന്നതാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 53(ബി)-ൽ അനുശാസിക്കും പ്രകാരം അദ്ദേഹത്തെ ശാസിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

<u>അനുബന്ധം 1</u>

എം. സി. ജോസഫൈൻ
*(ചെയർപേഴ്സൺ),*
സംസ്ഥാന വനിതാ കമ്മീഷൻ,

തിരുവനന്തപുരം,
13-9-2018.

ബഹു. സ്പീക്കർ,
കേരള നിയമസഭ.

ജലന്തർ ബിഷപ്പുമായി ബന്ധപ്പെട്ട കേസിലെ വാദിയായ കന്യാസ്ത്രീക്കെതിരെ ശ്രീ. പി. സി. ജോർജ്, എം.എൽ.എ. നടത്തിവരുന്ന അപകീർത്തികരമായ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടു കാണുമല്ലോ? നിയമസഭാ സാമാജികനായ ശ്രീ. പി. സി. ജോർജിന്റെ പരാമർശങ്ങൾക്കെതിരെ കേരള വനിതാ കമ്മീഷന്റെ ശക്തമായ അസംതൃപ്തി രേഖപ്പെടുത്തുന്നു. ഈ വിഷയത്തിൽ ടിയാനെതിരെ സാധ്യമായ നടപടികൾ കൈക്കൊള്ളണമെന്നും താത്പര്യപ്പെടുന്നു.

സസ്നേഹം
(എം. സി. ജോസഫൈൻ)

അനുബന്ധം 2

ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള

TC 25/2952, Old GPO Building, Vanchiyoor

തിരുവനന്തപുരം,

13-9-2018.

ബഹുമാനപ്പെട്ട കേരള നിയമസഭാ സ്പീക്കർ സമക്ഷം ബോധിപ്പിക്കുന്നത്:

സ്ത്രീപക്ഷ ചിന്താധാരയിൽ ഊന്നി പ്രവർത്തിക്കുന്ന വനിതാ അഭിഭാഷകരുടെ ഒരു ശൃംഖലയാണ് ഞങ്ങളുടേത്.

നിയമസഭാ സാമാജികനായ പി. സി. ജോർജ്, ലൈംഗിക അതിക്രമത്തിന് ഇരയായ ഒരു കന്യാസ്ത്രീയെ കുറിച്ചും, അവർക്ക് പിന്തുണ നൽകിയ മറ്റ് കന്യാസ്ത്രീകളെക്കുറിച്ചും അധിക്ഷേപരമായി സംസാരിച്ച വിഷയം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണല്ലോ. ലൈംഗിക അതിക്രമത്തിന് ഇരയായ ഒരു സ്ത്രീയെ, ടി ജനപ്രതിനിധി പരസ്യമായി വേശ്യയെന്ന് വിളിക്കുകയും, അവരുടെ കൂടെ നിൽക്കുന്ന മറ്റ് മൂന്ന് കന്യാസ്ത്രീകളെ സ്വഭാവഹത്യ നടത്തുന്ന പരാമർശങ്ങൾ https://youtu.be/DgiYNuuacns എന്ന ലിങ്കിൽ അങ്ങേയ്ക്ക് പരിശോധിക്കാവുന്നതാണ്.

ഒരു നിയമസഭാ സാമാജികനിൽ നിന്നും കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ഈ നിലവാരത്തിലുള്ള വാക്കുകളല്ല പ്രതീക്ഷിക്കുന്നത്. മേൽ പരാമർശങ്ങൾ, സാമാജികർക്ക് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചോ, സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങളിൽ രാജ്യത്ത് ഈയടുത്ത് ഉണ്ടായ കാതലായ മാറ്റങ്ങളെ കുറിച്ചോ യാതൊരു അവഗാഹവും ഇല്ല എന്നതും ബോധ്യപ്പെടുന്നു. സാമാജികർ പരസ്യമായി സ്ത്രീവിരുദ്ധ പ്രസ്താവനകൾ നടത്തുന്നതും ലൈംഗികപീഡകർക്കുവേണ്ടി പരസ്യമായി നിലകൊള്ളുന്നതും ഞങ്ങളെ ആകുലപ്പെടുത്തുന്നു. സാമാജികരുടെ ചിന്താരീതികളിൽ മാറ്റം വരുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ലിംഗപദവിയെ കുറിച്ചും, സ്ത്രീ സംരക്ഷണ നിയമങ്ങളെ കുറിച്ചും ചെറുതായെങ്കിലുമുള്ള അവഗാഹം സാമാജികർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ അങ്ങ് അടിയന്തിരമായി സ്വീകരിക്കണം.

കൂടാതെ ഒരു സീനിയറായ നിയമസഭാ സാമാജികൻ ആയിരുന്നിട്ടും പി. സി. ജോർജ് നിയമസഭാ സാമാജികർ പാലിക്കേണ്ട കോഡ് ഓഫ് കണ്ടക്ട് കാറ്റിൽ പറത്തിക്കൊണ്ട് നടത്തിയ സ്ത്രീവിരുദ്ധവും അപഹാസ്യവുമായ പരാമർശങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെയും ഗൗരവത്തോടെയും കണ്ട് ടിയാനെതിരെ നിയമാനുസൃത നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും വിഷയം എത്തിക്സ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

അഡ്വ. സന്ധ്യ

അനുബന്ധം 3

# പതിനാലാം കേരള നിയമസഭ

# ബുള്ളറ്റിൻ ഭാഗം 2

2018 സെപ്റ്റംബർ 22

നമ്പർ : 533

**ശ്രീ. പി. സി. ജോർജ്, എം.എൽ.എ.ക്കെതിരെ കേരള വനിതാ കമ്മീഷൻ നൽകിയ പരാതി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തത് സംബന്ധിച്ച്**

ജലന്ധർ ബിഷപ്പുമായി ബന്ധപ്പെട്ട കേസിലെ വാദിയായ കന്യാസ്ത്രീക്കെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ച് ശ്രീ. പി. സി. ജോർജ്, എം.എൽ.എ.ക്കെതിരെ കേരള വനിതാ കമ്മീഷൻ ബഹു. സ്പീക്കർക്ക് സമർപ്പിച്ച പരാതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ 250(2), 250(3)(സി) എന്നിവ അനുസരിച്ച് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അടിയന്തര പരിശോധനയും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ 18-9-2018-ന് റഫർ ചെയ്തിരിക്കുന്നു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

അനുബന്ധം 4

## പതിനാലാം കേരള നിയമസഭ

# ബുള്ളറ്റിൻ ഭാഗം 2

2018 ഒക്ടോബർ 5

നമ്പർ : 537

ശ്രീ. പി. സി. ജോർജ്, എം.എൽ.എ.ക്കെതിരെ ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള നൽകിയ പരാതി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്, എം.എൽ.എ., ലൈംഗിക അതിക്രമത്തിന് ഇരയായ ഒരു കന്യാസ്ത്രീയെയും അവർക്ക് പിന്തുണ നൽകിയ മറ്റ് കന്യാസ്ത്രീകളെയും പരസ്യമായി അധിക്ഷേപിക്കുകയും സ്വഭാവഹത്യ നടത്തുകയും സ്ത്രീവിരുദ്ധവും അപഹാസ്യവുമായ പരാമർശങ്ങൾ നടത്തുകയും ചെയ്തുവെന്നാരോപിച്ചുകൊണ്ട് ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള എന്ന സംഘടന ബഹു. സ്പീക്കർക്ക് സമർപ്പിച്ച പരാതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടങ്ങൾ 250(2), 250(3)(സി) എന്നിവ അനുസരിച്ച് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ 2-10-2018-ന് റഫർ ചെയ്തിരിക്കുന്നു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

അനുബന്ധം 5

## ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർക്ക് പീഡിപ്പിക്കപ്പെട്ട കന്യാസ്ത്രീയുടെ സഹോദരി ഡാർളി സാബു നൽകുന്ന അപേക്ഷ

ഡാർളി സാബു,
ആലുക്ക ഹൗസ്,
ചെങ്ങൽ, കാലടി,
എറണാകുളം - 683 574.

സർ,

വിഷയം : ഫോട്ടോഗ്രാഫുകൾ മാറ്റങ്ങൾ വരുത്തി അപമാനിക്കുന്നത് സംബന്ധിച്ച്:

എന്റെ മകന്റെ ആദ്യകുർബ്ബാന സ്വീകരണത്തിന്റെ അവസരത്തിൽ എടുത്ത എന്റെ പീഡനത്തിനിരയായ സഹോദരിയുടെ ഫോട്ടോകൾ മാറ്റങ്ങൾ വരുത്തി ശ്രീ. പി. സി. ജോർജിനുനൽകിയതായി സംശയിക്കുന്നു. ആ ഫോട്ടോകൾ മോർഫ് ചെയ്യുതായും ഞാൻ സംശയിക്കുന്നു. ശ്രീ. പി. സി. ജോർജ് ഈ ഫോട്ടോകൾ വച്ചാണ് എന്റെ കുടുബത്തെ നിരന്തരമായി അവഹേളിച്ചുകൊണ്ടിരിക്കുന്നത്. കാലടിയിലെ ദർശന സ്റ്റുഡിയോയിലെ ഫോട്ടോഗ്രാഫർ ഷാജോ 9497998992 എന്ന നമ്പറിൽ നിന്നാവശ്യപ്പെട്ട പ്രകാരമാണ് എല്ലാ ഫോട്ടോകളും സി.ഡി.യും പെൻഡ്രൈവും കൈമാറിയതെന്ന് ഞങ്ങളോട് പറയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കാലടി പോലീസ് സ്റ്റേഷനിൽ ഞങ്ങൾ നൽകിയ കേസും നിലവിലുണ്ട്. പിന്നീട് ഈ ഫോട്ടോകൾ എങ്ങനെ ശ്രീ. പി. സി. ജോർജ്, എം.എൽ.എ.യുടെ കൈവശം എത്തിയെന്നും, ഇതിനുത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഡാർളി സാബു,
(പീഡനത്തിനിരയായ കന്യാസ്ത്രീയുടെ സഹോദരി).

കാലടി,
22-10-2018.

അനുബന്ധം 6

## ബഹുമാനപ്പെട്ട എത്തിക്സ് കമ്മിറ്റി ചെയർമാന് നിയമസഭാ സെക്രട്ടറിവഴിയായി സമർപ്പിക്കുന്നത്

ഡാർളി സാബു,
ആലുക്ക ഹൗസ്,
ചെങ്ങൽ, കാലടി,
എറണാകുളം - 683 574.

സർ,

വിഷയം : പി. സി. ജോർജ്, എം.എൽ.എ.യുടെ ഭാഗത്തുനിന്നുള്ള നിരന്തര അവഹേളനം സംബന്ധിച്ച്.

ശ്രീ. പി. സി. ജോർജ്, എം.എൽ.എ. എനിക്കും പീഡനത്തിനിരയായ കന്യാസ്ത്രീയായ സഹോദരിക്കും ഞങ്ങളുടെ കുടുംബത്തിനും എതിരായി ആഭാസകരമായ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ എത്തിക്സ് കമ്മിറ്റി മുമ്പാകെ നേരിട്ട് ഹാജരായി സത്യാവസ്ഥകൾ വിശദീകരിക്കാൻ അവസരം നൽകണമെന്ന് അപേക്ഷിക്കുന്നു. നിയമസഭാ സാമാജികനെന്ന നിലയ്ക്കുമാത്രമല്ല എത്തിക്സ് കമ്മിറ്റി അംഗമെന്ന നിലയ്ക്കും പി. സി. ജോർജ്, എം.എൽ.എ. തന്റെ ജനപ്രതിനിധി എന്ന നിലയ്ക്കുള്ള പദവി ദുരുപയോഗപ്പെടുത്തുകയും അനധികൃതമായ അധികാരപ്രയോഗം നിസ്സഹായരായ സ്ത്രീകൾക്കുമേൽ പ്രയോഗിക്കുകയുമാണ്. വ്യാജമായ ആരോപണങ്ങളാണ് അദ്ദേഹം ഞങ്ങൾക്കുനേരെ ഉന്നയിക്കുന്നത്.

ഇത്തരം അപവാദ പ്രചരണങ്ങൾ എന്നെയും കുടുബത്തെയും മാനസികമായി വേദനിപ്പിക്കുന്നതും സാമൂഹ്യമായി ഒറ്റപ്പെടുത്തുന്നതിനിടയാക്കുന്നതും സ്ത്രീകളെന്ന നിലയ്ക്ക് ഞങ്ങളുടെ ആത്മാഭിമാനത്തിനും അന്തസ്സിനും കോട്ടംവരുത്തുന്നതുമാണ്. ആയതിനാൽ സത്യസ്ഥിതികൾ ബോദ്ധ്യപ്പെടുത്താൻ എനിക്ക് അവസരം നൽകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഡാർളി സാബു,
(പീഡനത്തിനിരയായ കന്യാസ്ത്രീയുടെ സഹോദരി)

കാലടി,
22-10-2018.

## അനുബന്ധം 7

ആദരണീയനായ കേരള നിയമസഭാ സ്പീക്കർക്ക്,

താങ്കൾ നയിക്കുന്ന നിയമസഭയിലെ അംഗം ശ്രീ. പി. സി. ജോർജ് ഏറെ നാളായി എന്തും വിളിച്ചുപറയുന്ന അവസ്ഥയിലെത്തി എന്നല്ല കടമ്പ കഴിഞ്ഞു.

നിയമസഭാ മെമ്പർക്ക് അതിന്റേതായ ശൈലി, സംസ്കാരം ഒക്കെ വേണ്ടേ. ആരും നിയന്ത്രിക്കാൻ ഇല്ലാത്ത ഒരു മനുഷ്യൻ.

ഇരയായ കന്യാസ്ത്രീയെപ്പറ്റി രണ്ടു പ്രാവശ്യം സഭ്യമല്ലാത്തതും അമ്മ പെങ്ങന്മാർ ഉള്ളവർ ആരും പറയാത്ത വൃത്തികെട്ട വാചകങ്ങൾ ചാനൽ അല്ലാതെയും വിളമ്പുകയുണ്ടായി. അദ്ദേഹം ഫ്രാങ്കോയെ ന്യായീകരിക്കാൻ അവകാശം ഉണ്ട്. പക്ഷെ ഒരു സ്ത്രീയെ ഇത്ര മോശമായ വാക്കുകൾ പ്രയോഗിക്കുമ്പോൾ താൻ ഒരു നിയമസഭാംഗം ആണെന്നും ബഹുമാന്യനായ സ്പീക്കർക്കോ സഭയ്ക്കോ ബോദ്ധ്യപ്പെടുത്താം.

കൂടാതെ ചാനൽ ചർച്ചയിൽ ഏറ്റവും വലിയ ഒരു കള്ളത്തരം ജനങ്ങൾക്കു മുമ്പാകെ വിളിച്ചുപറഞ്ഞു. ശ്രീ. നമ്പി നാരായണന് കേരള ഗവൺമെന്റ് ആദ്യം നൽകിയ 10 ലക്ഷം രൂപ ശ്രീ. ഉമ്മൻ ചാണ്ടിയിൽ നിന്നും താനാണ് ശ്രീ. നമ്പി നാരായണനെ കൊണ്ട് ഏല്പിച്ച എന്നാണ് ചാനൽ ചർച്ചയിൽ വിളിച്ചു പറഞ്ഞത്. മറുപടിയായി ശ്രീ. നമ്പി നാരായണൻ അത് ഖണ്ഡിക്കുകയും പി. സി. ജോർജല്ല കൊണ്ടു തന്നത് എന്നു പ്രവചിക്കുകയുണ്ടായി. ഈ ഭീമമായ കള്ളത്തരം നിയമസഭയിൽ ചർച്ചയ്ക്കു വരണമെന്ന് താഴ്മയായി താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

എ. ബഷീർകുട്ടി,

കൊട്ടിയം.

അനുബന്ധം 8

P. C. George
(Poonjar)
Member
Kerala Legislative Assembly.

Thiruvananthapuram,
13-11-2018.

MLA-PNJR/MLA/GP/401/2018-2019

To

The Honourable Speaker,
Kerala Legislative Assembly,
Thiruvananthapuram.

Respected Speaker,

Sub: 14th Kerala Legislative Assembly Privileges, Ethics Committe (2016-2019) reply- regarding;

Ref: Letter No. 6233/Table-2/2018/KLA dated 8-11-2018;

1. I am a responsible public servant who has discharged my public duties without any fear and favour since the very beginning of my public life. I always given due respect to the dignity, integrity and genuine interest of the general public irrespective of their caste, creed, religion and gender. I always stood for truth and justice without any fear & favour.

2. It is alleged that on 8-9-2018, I had made some statements at the Press Club, Kottayam about the character of one Nun (Name and identity of the victim is omitted) who happened to be the alleged victim of an infamous rape case which allegedly took place at Kuravilangad during the year 2014 to 2016. In the said case, the nun has named one Roman Catholic Bishop as the accused.

3. On 10-9-2018, the National Commission for Women New Delhi (NCW) has initiated suomoto proceedings (vide No. D. O. No. 15/77/2018/NCW(SM) against me in connection with the alleged statement made on 8-9-2018 at the Press Club, Kottayam. These proceedings have been initiated merely on the basis of newspaper reports and videos uploaded on YouTube.

4. On 1-10-2018, the Kuravilangad Police has registered an FIR against me vide crime No. 1080/2018 under section 509 IPC which is based on the complaint filed by nun (Name and identity of the victim is omitted) and a copy of the same was forwarded to the jurisdictional Magistrate Court at Pala. The said matter is under investigation. I was arrayed as the sole accused in the above crime No 1080/2018.

5. The subject matter in Ethics and Privilege Committee of Kerala Legislative Assembly and the allegations/complaint made in the FIR No. 1080/2018 at Kuravilangad Police Station are same.

6. The allegations made in the Notice and FIR is reproduced herein below;

(a) " She is a prostitute: Kerala MLA's shameful remark on nun seeking arrest of rape accused" (Notice dated 10-9-2018)

(b) " The accused with an intention to insult the dignity of the complainant, has called her a prostitute in the afternoon on 8-9-2018 at Press Club Kottayam" (Column No. 12, FIR)

7. The entire proceedings initiated by the Ethics and Privilege Committee of Kerala Legislative Assembly is illegal and cannot be enforced due to the constitutional embargo contained in Article 20(3) of the Constitution of India.

*Article 20(3)*

(a) "No person accused of any offence shall be compelled to be a witness against himslef"

(b) The various dimensions of the above-mentioned is enuciated herein, with the aid of the case laws decided by the Honorable Supreme Court of India;

8. I am an accused by virtue of the insertion of his name in FIR No. 1080/2018 dated 1-10-2018 pending before the Kuravilangad Police Station under section 509 IPC. The protection under Article 20(3) of the Constitution of India virtually started on 1st October 2018 onwards.

(a) Hon'ble Supreme Court of India in *M. P. Sharma v. Satish Chandra, 1954 SCR 1077* has held as under and relevant portion is underlined;

(b) The cases with which we are concerned have been presented to us on the footing that the persons against whom the search warrants were issued, were all of them persons against whom the first information report was lodged and who were included in the category of accused therein and that therefore they are persons " accused of an offence" within the meaning of Article 20(3) (para-9).

(c) Considered in this light, the guarantee under Article 20(3) would be available in the present cases to these petitioners against whom a first information report has been recorded as accused therein. (para-11)

(d) Hon'ble Supreme Court of India in *State of Bombay v. KathikaluOghad, (1962) 3 SCR 10* has held as under and relevant portion is underlined;

9. In view of these considerations, we have come to the following conclusions:

(1) An accused person cannot be said to have been compelled to be a witness against himeslf simply because he made a statement while in police custody, without anything more. In other words, the mere fact of being in police custody at the time when the statement in question was made would not, by itself, as a proposition of law, lend itself to the inference that the accused was compelled to make the statement, though that fact, in conjunction with other circumstances disclosed in evidence in a particular case, would be a relevant consideration in an enquiry whether or not the accused person had been compelled to make the impugned statement.

(2) The mere questioning of an accused person by a police officer, resulting in a voluntary statement, which may ultimately turn out to be incriminatory, is not "compulsion".

(3) "To be a witness" is not equivalent to "furnishing evidence" in its widest significance; that is to say, as including not merely making of oral or written statements but also production of documents or giving materials which may be relevant at a trial to determine the guilt or innocence of the accused.

(4) Giving thumb impressions or impressions of foot or palm or fingers or specimen writings or showing parts of the body by way of identification are not included in the expression "to be a witness".

(5) "To be a witness" means imparting knowledge in respect of relevant facts by an oral statement or a statement in writing, made or given in court or otherwise.

(6) "To be a witness" in its ordinary grammatical sense means giving oral testimony in court. Case law has gone beyond this strict literal interpretation of the expression which may now bear a wider meaning, namely, bearing testimony in court or out of court by a person accused of an offence, orally or in writing.

(7) To bring the statement in question within the prohibition of Article 20(3), the person accused must have stood in the character of an accused person at the time he made the statement. It is not enough that he should become an accused, any time after the statement has been made.(para. 17)

10. It is without any shadow of doubt that, Ethics and Privilege Committee of Kerala Legislative Assembly is recognized as a statutory body and all the proceedings are considered as similar to a proceedings pending before a civil court especially on the following heads;

*(a)* Summoning and enforcing the attendance of any person from any part of India and examining him on oath;

*(b)* Requiring the discovery and production of any document;

*(c)* Receiving evidence on affidavits;

(d) Requisitioning any public record or copy thereof from any court or office;

(e) Issuing commissions for the examination of witnesses and documents.

11. The prosecuting agency in crime No. 1080/08 (pending before the Kuravilangad Police Station) can very well bring entire statements/ Explanations/admissions on record which would have made (if he makes any such explanation) by me in the proceedings pending before the Ethics and Privilege Committee of Kerala Legislative Assembly. Those records would be turned into prosecution document/Evidence against me during the trial in the above said crime. (Crime No. 1080/08).

(a) Hon'ble Supreme Court of India in *Seth Ramdayaljat V. Laxmi Prasad, (2009) 11 SCC 54* has held as under and relevant portion is underlined;

(b) It is now almost well settled that save and except for Section 43 of the Evidence Act which refers to Sections 40, 41 and 42 thereof, a judgment of a criminal court shall not be admissible in a civil suit. What, however, would be admissible is the admission made by a party in a previous proceeding.

12. The admission of the appellant was recorded in writing. While he was deposing in the suit, he was confronted with the question as to whether he had admitted his guilt and pleaded guilty of the charges framed. He did so. Having, thus, accepted that he had made an admission in the criminal case, the same was admissible in evidence. He could have resiled there from or explained away his admission. He offered an explanation that he was wrongly advised by the counsel to do so. The said explanation was not accepted by the trial court. It was considered to be an afterthought. His admission in the civil proceeding was admissible in evidence.

13. Section 58 of the Evidence Act reads as under:

"58. Facts admitted neet not be proved.-No fact need be proved in any proceeding which the parties thereto or their agents agree to admit at the hearing, or which, before the hearing, they agree to admit by any writing under their hands, or which by any rule of pleading in force at the time they are deemed to have admitted by their pleadings:

14. Provided that the court may, in its discretion, require the facts admitted to be proved otherwise than by such admissions." In view of the aforementioned provision, there cannot be any doubt or dispute that a thing admitted need not be proved. (See KendriyaVidyalaya Sangathan v. Girdharilal Yadav, L. K. Verma. v. HMT Ltd., Avtar Singh v. Gurdial Singh and GannmaniAnasuya v. Parvatini Amarendra Chowdhary).

15. We, therefore, are of the opinion that although the judgment ina criminal case was not relevant in evidence for the purpose of proving his civil liability, his admission in the civil suit was admissible. The question as to whether the explanation offered by him should be accepted or not is a matter which would fall within the realm of appreciation of evidence. The trial court had accepted the same. The first appellate court refused to consider the effect thereof in its proper perspective. The appellate court proceeded on the basis that as the judgment of the criminal court was not admissible in evidence, the suit could not have been decreed on the said basis. For the said purpose, the admission made by the appellant in his deposition as also the effect of charge had not been taken into consideration. We, therefore, are of the opinion that the High Court cannot be said to have committed any error in interfering with the judgment of the first appellate court.

16. In other words, a statement/explanation that would be made by me before Ethics and Privilege Committee of Kerala Legislative Assembly in respect of the alleged crime (statement made during the Press Conference) is not protected under section 25 of the Indian Evidence Act. Instead of that, it would be admissible under section 18, 21 & 58 of the Indian Evidence Act during the criminal prosecution which may be started in furtherance of FIR No. 1080/2018 pending for investigation at Kuravilangad Police Station.

17. The right to silence is envisaged under Article 20(3) of the Constitution of India. The right to silence is even recognized by Article 21 of the Constitution of India. In Selvi v/s State of Karnataka, the Supreme Court of India has upheld the right to silence and hence in the instant proceedings Ethics and Privilege Committee of Kerala Legislative Assembly would like to exercise his 'right to remain silent' which is a Fundamental right under Article 20(3) & 21 of the Constitution of India.

(a) Hon'ble Supreme Court of India in Selvi v. State of Karnataka, (2010) 7 SCC 263 has held as under and the relevant portion is underlined;

100. Criminal defendants have been given protections such as the presumption of innocence, right to counsel, the right to be informed of charges, the right of compulsory process and the standard of proving guilt beyond reasonable doubt among others. It can hence be stated that it was only with the subsequent emergence of the " right to counsel" that the accused's " right to silence" became meaningful. With the consolidation of the role of the defence lawyers in criminal trials, a clear segregation emerged between the testimonial function performed by the accused and the defensive function performed by the lawyer. This segregation between the testimonial and defensive functions is now accepted as an essential feature of a fair trial so as to ensure a level playing field between the prosecution and the defence. In addition to a defendant's " right to silence" during the trial stage, the protections were extended to the stage of pre-trial inquiry as well. With the enactment of the Sir John Jervis Act of 1848, provisions were made to advise the accused that he might decline to answer questions put to him in the pre-trial inquiry and to caution him that his answers to pre-trial interrogation might be used as evidence against him during the trial stage. [para - 100]

225. So far, the judicial understanding of privacy in our country has mostly stressed on the protection of the body and physical spaces from intrusive actions by the State. While the scheme of criminal procedure as well as evidence law mandates interference with physical privacy through statutory provisions that

enable arrest, detention, search and seizure among others, the same cannot be the basis for compelling a person " to impart personal knowledge about a relevant fact". The theory of interrelationship of rights mandates that the right against self-incrimination should also be read as a component of "personal liberty" under Article 21. Hence, our understanding of the "right to privacy" should account for its intersection.

With Article 20(3). Furthermore, the "rule against involuntary confessions" as embodied in Sections 24, 25, 26 and 27 of the Evidence Act, 1872 seeks to serce both the objectives of relaibility as well as voluntariness of testimony given in a custodial setting. A conjunctive reading of Articles 20(3) and 21 of the Constitution along with the principles of evidence law leads us to a clear answer. We must recognise the importance of personal autonomy in aspects such as the choice between remaining silent and speaking. An individual's decision to make a statement is the product of a private choice and there should be no scope for any other individual to interfere with such autonomy, especially in circumstances where the person faces exposure to criminal charges or penalties.(Para. 225)

18. In the light of above judgments of Honorable Supreme Court of India my rights should be protected as per the Indian Constitution. Hence the interest of natural Justice, I humbly request you to stop the further action in all the proceedings against me in Ethics and Privilege committee of Kerala legislativc Assembly 2016-2019.

Yours Sincerely,

(Sign)

P. C. George

അനുബന്ധം 9

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 2018 സെപ്റ്റംബർ 26 - ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2018 സെപ്റ്റംബർ 26- ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം. എൽ. എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ് എം.തോമസ് എം.എൽ.എ.
2. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ടതും ശ്രീ. പി. സി. ജോർജിനെതിരെ സംസ്ഥാന വനിതാ കമ്മീഷൻ സമർപ്പിച്ചതുമായ പരാതിയിൽ ശ്രീ. പി. സി. ജോർജ് എം. എൽ. എ. നടത്തിയതായി പറഞ്ഞിട്ടുള്ള 'അപകീർത്തികരമായ പരാമർശങ്ങൾ' സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ സംസ്ഥാന വനിതാ കമ്മീഷനോട് ആവശ്യപ്പെടാനും പരാതിക്കാധാരമായ പത്രസമ്മേളനത്തിന്റെ ദൃശ്യങ്ങൾ വിവിധ ദൃശ്യമാധ്യമങ്ങളോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

കമ്മിറ്റിയുടെ അടുത്ത യോഗം 4-10-2018-ന് തിരുവനന്തപുരത്ത് വച്ച് ചേരാൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് യോഗം അവസാനിച്ചു.

അനുബന്ധം 10

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 2018 ഒക്ടോബർ 10 - ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2018 ഒക്ടോബർ മാസം 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം. എൽ. എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ് എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
4. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
5. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.
6. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ശ്രീ. പി. സി. ജോർജ് എം.എൽ.എ.യ്ക്കെതിരെ സംസ്ഥാന വനിതാ കമ്മീഷൻ സമർപ്പിച്ച പരാതിക്കാധാരമായ പത്രസമ്മേളനം സംബന്ധിച്ച് വനിതാ കമ്മീഷനിൽ നിന്നും വിവിധ ദൃശ്യമാധ്യമങ്ങളിൽ നിന്നും ലഭ്യമാക്കിയ ദൃശ്യങ്ങൾ കമ്മിറ്റി പരിശോധിച്ചു

ശ്രീ. പി. സി. ജോർജ് എം.എൽ.എ.യ്ക്കെതിരെ ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള സമർപ്പിച്ച പരാതി കമ്മിറ്റി പരിശോധിച്ചു. ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരളയോട് പരാതിയിലെ ആരോപണങ്ങൾ സാധൂകരിക്കുന്ന തെളിവുകൾ ആവശ്യപ്പെടാനും ആയവ ലഭ്യമാക്കുന്നപക്ഷം ആയത് പരിശോധിച്ചശേഷം ശ്രീ. പി. സി. ജോർജ് എം.എൽ.എ.യെ നേരിട്ട് കേൾക്കാനും തീരുമാനിക്കുകയും ചെയ്തു.

ശ്രീ. പി. സി. ജോർജ് എം.എൽ.എ.ക്കെതിരെ സംസ്ഥാന വനിതാ കമ്മീഷനും ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരളയും നൽകിയ പരാതികൾ ഒരേ വിഷയത്തിലായതിനാൽ അവ ഒരുമിച്ച് പരിഗണിക്കാൻ കമ്മിറ്റി തീരുമാനിച്ചു

കമ്മിറ്റിയുടെ അടുത്ത യോഗം 24-10-2018-ന് തിരുവനന്തപുരത്തു വച്ച് ചേരാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കു ശേഷം 3.45-ന് പിരിഞ്ഞു.

<u>അനുബന്ധം 11</u>

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 2018 ഒക്ടോബർ 24- ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2018 ഒക്ടോബർ മാസം 24 -ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 - സി സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
4. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
5. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.
6. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

കമ്മിറ്റി, ശ്രീ. പി. സി. ജോർജ് എം.എൽ.എ.ക്കെതിരെ ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്വർക്ക് ഓഫ് കേരള സമർപ്പിച്ച പരാതിയുടെ അനുബന്ധമായി ചേർത്തിരിക്കുന്ന വീഡിയോ ദൃശ്യങ്ങൾ പരിശോധിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

ശ്രീ. പി. സി. ജോർജ് എം.എൽ.എ.യ്ക്കെതിരെ കോട്ടയം സ്വദേശി ശ്രീ. എ. ബഷീർക്കുട്ടി, പീഡനത്തിനിരയായ കന്യാസ്ത്രീയുടെ സഹോദരി ശ്രീമതി ഡാർളി സാബു എന്നിവർ നൽകിയ പരാതികൾകൂടി കമ്മിറ്റിക്ക് ബഹു. സ്പീക്കർ റഫർ ചെയ്തിട്ടുള്ളതായി നിയമസഭാ സെക്രട്ടറി കമ്മിറ്റിയെ അറിയിച്ചു.

ശ്രീ. പി. സി. ജോർജ് എം.എൽ.എ.യ്ക്കെതിരെ ശ്രീ. എ. ബഷീർകട്ടി നൽകിയ പരാതിയിൽ പൊതുവായ വിഷയങ്ങളാണ് പരാമർശിക്കുന്നതെന്നും കമ്മിറ്റി പരിഗണിക്കുന്ന വിഷയവുമായി ബന്ധമില്ലാത്തതിനാൽ പ്രസ്തുത പരാതി പരിഗണിക്കേണ്ടതില്ലെന്നും കമ്മിറ്റി തീരുമാനിച്ചു.

ശ്രീ. പി. സി. ജോർജ് എം.എൽ.എ. തനിക്കും കുടുംബത്തിനും എതിരെ ആരോപണങ്ങൾ ഉന്നയിച്ചത് സംബന്ധിച്ച് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി മുമ്പാകെ നേരിട്ട് ഹാജരായി സത്യാവസ്ഥ വിശദീകരിക്കാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പീഡനത്തിനിരയായ കന്യാസ്ത്രീയുടെ സഹോദരി ശ്രീമതി ഡാർളി സാബു കമ്മിറ്റി ചെയർമാന് നൽകിയ കത്തും വീട്ടിൽ നടന്ന ഒരു ചടങ്ങിലെടുത്ത തന്റെ സഹോദരിയുടെ ചിത്രങ്ങൾ ഉപയോഗിച്ച് ശ്രീ. പി. സി. ജോർജ് തങ്ങളുടെ കുടുംബത്തെ അവഹേളിക്കുന്നുവെന്നും ഇതു സംബന്ധിച്ച് അന്വേഷിച്ച് മാതൃകാപരമായി ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ ബഹു. സ്പീക്കർക്ക് സമർപ്പിച്ചതും കമ്മിറ്റിക്ക് കൈമാറിയ കത്തും കമ്മിറ്റി പരിഗണിച്ചു.

വീട്ടിൽ നടന്ന ഒരു ചടങ്ങിലെടുത്ത തന്റെ സഹോദരിയുടെ ചിത്രങ്ങൾ മോർഫ് ചെയ്തുവെന്ന പരാതി വിഷയം ക്രിമിനൽ കേസായതിനാലും പ്രസ്തുത പരാതി പോലീസിന്റെ പരിഗണനയിലായിരിക്കുന്നതിനാലും കമ്മിറ്റി പരിഗണിക്കേണ്ടതില്ലെന്നും കന്യാസ്ത്രീയുടെ സഹോദരി ആവശ്യപ്പെട്ടുപ്രകാരം സത്യസ്ഥിതി ബോധിപ്പിക്കാൻ അവർക്ക് അവസരം നൽകുന്നതിന്റെ ഭാഗമായി കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ പീഡനത്തിനിരയായ കന്യാസ്ത്രീയുടെ സഹോദരിയെ നേരിൽ കേൾക്കുന്നതിനും തീരുമാനിച്ചു.

കമ്മിറ്റിയുടെ അടുത്ത യോഗം 31-10-2018-ന് തിരുവനന്തപുരത്തുവച്ച് ചേരാൻ തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.00 മണിക്ക് യോഗം അവസാനിച്ചു.

അനുബന്ധം 12

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 31-10-2018-ലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ഒരു യോഗം 2018 ഒക്ടോബർ 31-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2 മണിക്ക് '5-എ' കോൺഫറൻസ് ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
4. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ശ്രീ. പി. സി. ജോർജ് എം.എൽ.എ.ക്കെതിരെ സംസ്ഥാന വനിതാ കമ്മീഷൻ സമർപ്പിച്ച പരാതിവിഷയത്തിൻമേൽ പീഡനത്തിനിരയായ കന്യാസ്ത്രീയുടെ സഹോദരി ശ്രീമതി ഡാർളി സാബുവിന്റെ അപേക്ഷ പ്രകാരം ടിയാളിൽ നിന്നും കമ്മിറ്റി തെളിവെടുപ്പ് നടത്തി.

ശ്രീമതി ഡാർളി സാബു സമിതി മുമ്പാകെ ഹാജരാവുകയും സത്യപ്രതിജ്ഞ ചെയ്ത് ഒപ്പുവയ്ക്കുകയും ചെയ്തു. ശ്രീമതി ഡാർളി സാബുവിനോട് സമിതി മുമ്പാകെ ബോധിപ്പിക്കാനുള്ള വിവരങ്ങൾ വിശദീകരിക്കുവാൻ ചെയർമാൻ നിർദ്ദേശിച്ചു

ശ്രീമതി ഡാർളി സാബു, ടിയാളുടെ കുടുംബ പശ്ചാത്തലം സമിതിമുമ്പാകെ വിശദീകരിച്ചു. തന്റെ ഭർത്താവ് മരിച്ചിട്ട് ആറ് വർഷമായെന്നും ഭർത്താവിന്റെ പിതാവാണ് ഇപ്പോൾ താമസിക്കുന്ന വീട് നിർമ്മിച്ചിട്ടുള്ളതെന്നും പീഡനത്തിനിരയായ കന്യാസ്ത്രീ തന്റെ അനുജത്തിയാണെന്നും അവർ 1994-ൽ പതിനഞ്ചാമത്തെ വയസ്സിൽ മഠത്തിൽ ചേരുകയും 1999-ൽ കന്യാസ്ത്രീപട്ടം ലഭിക്കുകയും 2004-ൽ മദർ ജനറലാവുകയും ചെയ്തുവെന്നും മഠത്തിൽ നിന്നും അനധികൃതമായ ഒരു സാമ്പത്തിക സഹായവും തന്റെ

കുടുംബത്തിന് ലഭിച്ചിട്ടില്ലെന്നും ശ്രീമതി ഡാർളി സാബു കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചു. അനുജത്തി ഒൻപത് വർഷം മദർ സുപ്പീരിയർ ആയിരുന്നുവെന്നും മദർമാരല്ല അവിടെ പണം കൈകാര്യം ചെയ്യുന്നതെന്നും സഭാധികൃതർ ആരും തന്നെ തന്റെ അനുജത്തി വഴിവിട്ട് തന്റെ കുടുംബത്തെ പണം തന്ന് സഹായിച്ചെന്ന് പറഞ്ഞിട്ടില്ലെന്നും ശ്രീ. പി. സി. ജോർജ് എം.എൽ.എ. തന്റെ അനുജത്തി കോടികൾ കൊണ്ടുവന്ന് ചേച്ചിക്ക് വീട് പണിത് കൊടുത്തുവെന്നൊക്കെ പ്രചരിപ്പിക്കുന്നുവെന്നും ശ്രീ. പി. സി. ജോർജുമായി മുൻപരിചയമില്ലെന്നും തന്നെയും കുടുംബത്തെയും ഇങ്ങനെ പരസ്യമായി അദ്ദേഹം അപമാനിക്കുന്നതിൽ വളരെയധികം മാനസിക വിഷമമുണ്ടെന്നും അവർ കമ്മിറ്റിയെ അറിയിച്ചു. കോടനാട് സൊസൈറ്റിയിൽ നിന്നും കാഞ്ഞൂർ സൊസൈറ്റിയിൽ നിന്നും ലോണെടുത്തും ചിട്ടി പിടിച്ചും ഭർത്താവിന്റെ മരണാനന്തരം എൽ.ഐ.സി.യിൽ നിന്നും ലഭിച്ച തുകയും ചേർത്താണ് ഷോപ്പിംഗ് കോംപ്ലക്സ് പണിഞ്ഞതിനുള്ള പണം സ്വരൂപിച്ചതെന്നും സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച രേഖകൾ തന്റെ കയ്യിൽ ഉണ്ടെന്നും വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ്, വിധവയായ തന്നെ പരസ്യമായി അവഹേളിച്ചത് ഒരു ജനപ്രതിനിധിക്ക് ചേർന്ന പ്രവൃത്തിയല്ലെന്നും അവർ സമിതിയെ ബോധിപ്പിച്ചു. 14 വയസ്സുള്ള മകനും അമ്മയുമൊത്ത് ജീവിക്കുന്ന തനിക്ക് ശ്രീ. പി. സി. ജോർജ് ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി പരസ്യമായി പറയാൻ അദ്ദേഹത്തെ ഭയമുണ്ടെന്നും തന്റെ അനുജത്തിയെ വളരെ മോശമായ പദങ്ങൾ ഉപയോഗിച്ച് ടെലിവിഷൻ ചാനലിലൂടെ അപമാനിക്കുന്നത് കണ്ട് സഹിക്കാൻ വയ്യാതെയാണ് താൻ ബഹു. സ്പീക്കർക്ക് പരാതി നൽകിയതെന്നും ശ്രീമതി ഡാർളി സാബു പറഞ്ഞു. ബിഷപ്പ് ഫ്രാങ്കോ വീട്ടിൽ വന്നിട്ടുണ്ടോയെന്ന് കമ്മിറ്റി അന്വേഷിക്കുകയുണ്ടായി. തന്റെ മകന്റെ ആദ്യ കർബാനയ്ക്കായി അതിന് രണ്ടുമാസം മുമ്പെ ബിഷപ്പ് ഫ്രാങ്കോയെ ക്ഷണിച്ചിരുന്നുവെന്നും അന്ന് ടിയാന്റെ സ്വഭാവം ഇങ്ങനെയാണെന്ന് തങ്ങൾക്ക് അറിയില്ലായിരുന്നുവെന്നും ധാരാളം പേർ പങ്കെടുത്ത ചടങ്ങായിരുന്നു അതെന്നും പരാതിക്കാരി വ്യക്തമാക്കി. പരാതിക്കാധാരമായ സംഭവത്തിനുശേഷം ശ്രീമതി ഡാർളി സാബുവിന്റെ മകന്റെ ആദ്യ കർബാനയ്ക്ക് ബിഷപ്പിനെ ക്ഷണിക്കുകയും ബിഷപ്പ് അവിടുന്ന് ഭക്ഷണം കഴിക്കുകയും എല്ലാവരും സന്തോഷത്തിൽ പങ്ക് ചേർന്ന് പിരിഞ്ഞുവെന്നുമുള്ള ശ്രീ. പി. സി. ജോർജിന്റെ ആരോപണം കമ്മിറ്റി ചൂണ്ടിക്കാട്ടുകയും അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. ബിഷപ്പ് ഫ്രാങ്കോ വീട്ടിൽ വരുമ്പോൾ മറ്റാരും പ്രസ്തുത സംഭവം അറിഞ്ഞിരുന്നില്ലെന്നും അനുജത്തി ഇടയ്ക്കിടെ കരയുന്നത് കണ്ടെന്നും തന്റെ ഭർത്താവ് ഇല്ലാതെപോയ ദുഃഖത്തിൽ താൻ കരഞ്ഞുകൊണ്ട് നിൽക്കുകയായിരുന്നുവെന്നും ആയതിൽ പങ്കുചേർന്നാണ് അനുജത്തിയും കരയുന്നതെന്നാണ് താൻ കരുതിയതെന്നും താനാണ് അനുജത്തിയോട് ഫ്രാങ്കോ പിതാവും അച്ചൻമാരും വരുമ്പോൾ ഭക്ഷണം വിളമ്പിക്കൊടുക്കാൻ നിർദ്ദേശിച്ചതെന്നും ശ്രീമതി ഡാർളി സാബു വ്യക്തമാക്കി.

തിരുവസ്ത്രം ഉപേക്ഷിച്ച് വീട്ടിലേക്ക് പോന്ന കന്യാസ്ത്രീയെ വീട്ടിൽ കയറ്റാതിരുന്ന എന്ന ശ്രീ. പി. സി. ജോർജിന്റെ ആരോപണം സംബന്ധിച്ച് കമ്മിറ്റി അന്വേഷിക്കുകയുണ്ടായി. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നും അനുജത്തി അന്നും ഇന്നും കന്യാസ്ത്രീയായാണ് ജീവിക്കുന്നതെന്നും തന്റെ രണ്ട് അനുജത്തിമാരും കന്യാസ്ത്രീമാരാണെന്നും പരാതിക്കാരി മറുപടി നൽകി. അനുജത്തി ഇടക്കിടയ്ക്ക് വീട്ടിൽ വരാറുണ്ടെന്നും അനുജത്തിയുടെ ആഗ്രഹപ്രകാരമാണ് മഠത്തിൽ ചേർന്നതെന്നും സഭയിലെ ചില പ്രശ്നങ്ങൾ സഭയിൽ തന്നെ പറഞ്ഞുതുടങ്ങിയിട്ട് കുറേ വർഷമായിട്ടും ആരും നീതി നൽകാത്തതുകൊണ്ടാണ് പോലീസിൽ കേസ് നൽകിയതെന്നും ചിലരെ പേടിക്കേണ്ടതുണ്ടെന്നും ശ്രീമതി ഡാർളി സാബു ബോധിപ്പിച്ചു 13 തവണ പീഡിപ്പിച്ചുവെന്ന് പരാതി നൽകിയ ആൾ 12 തവണയും ഒന്നും പറഞ്ഞില്ലെന്നും 13- ാം തവണ മാത്രമാണ് പരാതി നൽകിയതുമെന്ന ശ്രീ. പി. സി. ജോർജിന്റെ പത്രസമ്മേളനത്തിലെ ആരോപണം സംബന്ധിച്ചും കന്യാസ്ത്രീ ഇതിന് മുമ്പ് അതിക്രമം സംബന്ധിച്ചും ആരോട് പറഞ്ഞിട്ടുണ്ടോ എന്നും ശ്രീമതി ഡാർളിയോട് കമ്മിറ്റി ആരാഞ്ഞു. ആയതിന്റെ സത്യാവസ്ഥ അതല്ലെന്നും സഭയിലും മജിസ്ട്രേറ്റിന്റെ മുന്നിൽ നൽകിയ രഹസ്യ മൊഴിയിലും ഇക്കാര്യം വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ കമ്മിറ്റിയിൽ പറയാൻ ബുദ്ധിമുട്ടുണ്ടെന്നും ശ്രീമതി ഡാർലി സാബു മറുപടി പറഞ്ഞു .

കന്യാസ്ത്രീ തിരുവസ്ത്രം ഉപേക്ഷിച്ചുപോയെന്നും പിന്നീട് സഭയിലേക്ക് തിരിച്ചു ചെല്ലണമെന്ന് കാണിച്ച് ടിയാൾ കത്തു നൽകിയെന്നുമുള്ള ശ്രീ. പി. സി. ജോർജിന്റെ ആക്ഷേപം സത്യമല്ലെന്നും അങ്ങനെയൊരു സംഭവം തന്റെ അറിവിൽ ഉണ്ടായിട്ടില്ലെന്നും കേസിൽ നിന്ന് പിൻമാറുന്നതിന് 5 കോടി രൂപ വരെ തങ്ങൾക്ക് ഓഫർ ലഭിച്ചുവെന്നും ഹർജിക്കാരി ബോധിപ്പിച്ചു.

പീഡനത്തിനിരയായ കന്യാസ്ത്രീയുടെ പേരിൽ സ്വഭാവദൂഷ്യം ആരോപിച്ച് പരാതിക്കാരിയുടെ കസിൻ തന്നെ പ്രൊവിൻഷ്യൽ മദറിന് കത്തെഴുതി എന്ന ആരോപണം സംബന്ധിച്ച് കമ്മിറ്റി അന്വേഷിക്കുകയുണ്ടായി. അവരുടെ സഹോദരന്റെ മകളുമായി ചിലകുടുംബപ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നും അത് പരിഹരിച്ചുവെന്നും പരാതിവിഷയവുമായി ഇതിന് യാതൊരു ബന്ധവുമില്ലെന്നും ശ്രീ. പി. സി. ജോർജ് ഇത്തരം കാര്യങ്ങൾ പറഞ്ഞ് തങ്ങളെ ചാനലുകൾ വഴി അപമാനിക്കുന്നത് ഈ കേസിൽ നിന്ന് പിൻമാറുന്നെങ്കിൽ പിൻമാറട്ടെ എന്ന് കരുതിയാണെന്നും എന്ത് പറഞ്ഞാലും തങ്ങൾ കേസിൽ നിന്ന് പിൻമാറില്ലെന്നും പരാതിക്കാരി മറുപടി നൽകി.

ഫ്രങ്കോ പിതാവിന്റെ ശല്യം കാരണം തിരിച്ചുവരാൻ പോവുകയാണെന്ന് അനുജത്തി തന്നോട് പറഞ്ഞപ്പോൾ ആളുകൾ മോശമായി ചിത്രീകരിക്കുമെന്നും അതുകൊണ്ട് അവിടെത്തന്നെ നിൽക്കണമെന്നും മഠത്തിൽ തന്നെ തീരുമാനം ഉണ്ടാക്കണമെന്നും താൻ പറഞ്ഞുവെന്നും അതനുസരിച്ച് തങ്ങൾ മഠത്തിൽ ചെന്ന് ജനറാളിനോടും അവിടത്തെ

5 കൗൺസിലർമാരോടും സംസാരിച്ചുവെന്നും ജൂൺ 30-ന് മറുപടി നൽകാമെന്ന് അവർ തങ്ങളോട് പറഞ്ഞുവെന്നും എന്നാൽ ആയതിനുമുമ്പ് 23 - ാം തീയതി ബിഷപ്പ് തന്റെ സഹോദരന്റെ പേരിൽ വധശ്രമത്തിന് കള്ളക്കേസ് കൊടുത്തുവെന്നും 24 - ാം തീയതി ബിഷപ്പിന്റെ ശിങ്കിടിയായ ഒരാൾ കേസിൽ നിന്നും പിൻതിരിഞ്ഞില്ലെങ്കിൽ സഹോദരനെയും മകനെയും കൊല്ലുമെന്ന് പറഞ്ഞ് തന്നെ ഭീഷണിപ്പെടുത്തിയെന്നും ശ്രീമതി ഡാർളി സാബു ബോധിപ്പിച്ചു. ബിഷപ്പിന്റെ വിഷയം സംബന്ധിച്ച് 2017 മുതൽ തങ്ങൾ അറിഞ്ഞിരുന്നുവെന്നും സഭയിൽ തന്നെ പറഞ്ഞുതീർക്കാൻ ശ്രമിച്ചതിന്റെ ഭാഗമായാണ് ആലഞ്ചേരി പിതാവിനും വത്തിക്കാനിലും പരാതി നൽകിയതെന്നും അതിനൊന്നും മറുപടി ലഭിച്ചില്ലെന്നും വീട്ടുകാരെ അപമാനിക്കാൻ തുടങ്ങിയപ്പോഴാണ് വക്കീലിന്റെ ഉപദേശപ്രകാരം കേസ് നൽകിയതെന്നും ഹർജിക്കാരി ചോദ്യത്തിന് ഉത്തരമായിപ്പറഞ്ഞു.

ശ്രീ. പി. സി. ജോർജ് എം.എൽ.എ. തന്നോടോ കന്യാസ്ത്രീയോടോ സഹോദരനോടോ നേരിട്ട് സംസാരിച്ചിട്ടില്ലെന്നും ഹർജിക്കാരി വ്യക്തമാക്കി. കന്യാസ്ത്രീകൾ എറണാകുളത്ത് നടത്തിയ സമരത്തിൽ പള്ളിയുമായി ബന്ധമില്ലാത്തവർമാത്രമാണ് പങ്കെടുത്തത് എന്ന ആരോപണം സംബന്ധിച്ച് കമ്മിറ്റി ചോദിക്കുകയുണ്ടായി. അങ്ങനെയല്ലെന്നും പള്ളിയിൽ നടന്ന കള്ളത്തരങ്ങൾ മനുഷ്യർക്ക് സഹിക്കാൻ പറ്റാതായപ്പോഴാണ് സമരത്തിനിറങ്ങിയതെന്നും ആലഞ്ചേരി പിതാവിനെ അറിയിച്ചപ്പോൾ തിരുവസ്ത്രം ഉപേക്ഷിച്ചുപോരാൻ അദ്ദേഹം പറഞ്ഞുവെന്നും പ്രസ്തുത സംഭാഷണത്തിന്റെ ശബ്ദരേഖ കയ്യിലുണ്ടെന്നും ഹർജിക്കാരി അറിയിച്ചു.

ബിഷപ്പ് ഫ്രാങ്കോ തന്നെ ബലാൽസംഗം ചെയ്തുവെന്ന് ആദ്യം പറയാതിരുന്ന കന്യാസ്ത്രീ, ഒരു സബ് ഇൻസ്പെക്ടർ പറഞ്ഞതനുസരിച്ചാണ് 13 തവണ ബലാൽസംഗം ചെയ്തതെന്ന് പറഞ്ഞുവെന്നുമുള്ള ആരോപണം ഹർജിക്കാരി നിഷേധിക്കുകയും ഇത് സംബന്ധിച്ച കാര്യങ്ങൾ മജിസ്ട്രേറ്റിന് മുന്നിൽ മൊഴിനല്കിയിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു.

സ്റ്റുഡിയോയിൽ നിന്ന് ശ്രീ പി. സി. ജോർജ് ഫോട്ടോകൾ കൈക്കലാക്കിയത് സംബന്ധിച്ച് കമ്മിറ്റി ആരാഞ്ഞപ്പോൾ തന്റെ മകന്റെ ആദ്യ കുർബാനയുടെ ഫോട്ടോയും പെൻഡ്രൈവും സി.ഡി.യും ശ്രീ. പി. സി. ജോർജിന്റെ കയ്യിൽ ഉണ്ടെന്നും തന്റെ അനുവാദമില്ലാതെയാണ് സ്റ്റുഡിയോക്കാരൻ അതെല്ലാം കൊടുത്തിട്ടുള്ളതെന്നും അതനുസരിച്ചാണ് പോലീസിൽ പരാതിപ്പെട്ടിട്ടുള്ളതെന്നും ശ്രീമതി ഡാർളി സാബു അറിയിച്ചു

മകന്റെ ആദ്യ കുർബാനയുടെ തലേദിവസം രാത്രിയാണ് (5-5-2014) കന്യാസ്ത്രീക്ക് ബിഷപ്പിൽ നിന്നും മോശം പെരുമാറ്റം ഉണ്ടായതെന്നും പ്രസ്തുത സംഭവം താൻ അറിഞ്ഞിരുന്നുവെങ്കിൽ തന്റെ മകന്റെ ആദ്യ കുർബാന ബിഷപ്പ് ഫ്രാങ്കോയെക്കൊണ്ട് നടത്തില്ലായിരുന്നുവെന്നും പരാതിക്കാരി കമ്മിറ്റിയെ ബോധിപ്പിച്ചു അതിനുമുമ്പ്

ബിഷപ്പിൽ നിന്ന് മോശം പെരുമാറ്റം ഉണ്ടായിട്ടുണ്ടോ എന്ന കമ്മിറ്റിയുടെ ചോദ്യത്തിന് ഇല്ലായെന്നും തന്നെ കൂടി മാനം കെടുത്താൻ വേണ്ടിയാണ് പിതാവ് അങ്ങനെ ചെയ്യതെന്നാണ് താൻ ചിന്തിക്കുന്നതെന്നും പിതാവിനെ താനാണ് രണ്ട് മാസം മുമ്പ് ക്ഷണിച്ചതെന്നും തന്റെ അനുജത്തി ആരോടും പറയുകയില്ലെന്ന് ഉറപ്പുള്ളതുകൊണ്ടാണ് ടിയാൻ അന്ന് മോശമായി പെരുമാറിയതെന്നാണ് താൻ കരുതുന്നതെന്നും അവർ ബോധിപ്പിച്ചു.

മകന്റെ ആദ്യകർബാന വേളയിലെടുത്ത ഫോട്ടോ മോർഫ് ചെയ്തതായി സംശയിക്കുന്നുണ്ടോ എന്ന കമ്മിറ്റിയുടെ ചോദ്യത്തിന് അതേ എന്നും പിതാവിന്റെ ഭാഗം ശരിയാണെന്ന് വരുത്താൻ വേണ്ടി അനുജത്തി ചിരിച്ചുകൊണ്ടു നിൽക്കുന്ന ഫോട്ടോ ആയിരിക്കും കൊണ്ടുപോയതെന്നാണ് താൻ കരുതുന്നതെന്നും ശ്രീമതി ഡാർളി സാബു മറുപടി നൽകി.

അനുജത്തി മുഖാന്തരമാണ് ബിഷപ്പിനെ പരിചയപ്പെടുന്നതെന്നും ആദ്യ കർബാനയ്ക്ക് ശേഷം ഒരു പ്രാവശ്യം എയർപോർട്ടിൽ പോകുന്ന വഴിക്ക് വീട്ടിൽ വന്നിട്ടുണ്ടെന്നും സഭയെ നാണം കെടുത്തണമെന്നൊന്നും തങ്ങൾ ചിന്തിച്ചിട്ടില്ലെന്നും എന്തുകൊണ്ടാണ് പുറത്ത് പറയാതിരുന്നതെന്ന് അനുജത്തിയോട് ചോദിച്ചപ്പോൾ താൻ തന്നിൽ തന്നെ മണ്ണാകാനാണ് തീരുമാനിച്ചിരിക്കുന്നതെന്നാണ് പറഞ്ഞതെന്നും പിതാവ് തങ്ങളുടെ പേരിൽ കള്ളക്കേസ് കൊടുത്തില്ലായിരുന്നെങ്കിൽ സഭയിലെ കാര്യങ്ങൾ തങ്ങൾ പുറത്തുപറയാൻ തീരുമാനിച്ചിരുന്നില്ലെന്നും ഇനിയൊരു കന്യാസ്ത്രീക്ക് ഇങ്ങനെ ഒരവസ്ഥ ഉണ്ടായാൽ ആരുടെ അടുത്താണ് പരാതി പറയേണ്ടതെന്നെങ്കിലും സഭയിൽ തീരുമാനമെടുക്കട്ടെ എന്നുകരുതിയാണ് തങ്ങൾ പരസ്യമായി പറഞ്ഞതെന്നും ശ്രീമതി ഡാർളി സാബു അറിയിച്ചു. വിധവയായ തന്നെ അപമാനിക്കുന്ന സംഭവമുണ്ടായിട്ട് വനിതാ കമ്മീഷൻ പോലും ഇടപ്പെട്ടില്ല എന്ന് ശ്രീമതി ഡാർളി സാബു കമ്മിറ്റി മുമ്പാകെ ആവലാതിപ്പെട്ടപ്പോൾ ഈ വിഷയത്തിൽ വനിതാ കമ്മീഷൻ നൽകിയതും കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ടതുമായ പരാതിയിന്മേലാണ് കമ്മിറ്റി തുടർനടപടി സ്വീകരിച്ച് വരുന്നതെന്നും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ വനിതാ കമ്മീഷന് പരാതി നൽകാൻ മടിക്കരുതെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു

സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതത്വമുള്ള സംസ്ഥാനമാണ് കേരളമെന്നും കാര്യങ്ങൾ വ്യക്തമായി പരിശോധിക്കുന്നതിനാണ് ഓരോ കാര്യങ്ങളും ചോദിച്ചതെന്നും ശ്രീ. പി. സി. ജോർജിൽ നിന്നും കൂടി തെളിവുകൾ ശേഖരിച്ചതിനുശേഷമേ പരാതിവിഷയത്തിലുള്ള തുടർനടപടി സംബന്ധിച്ച് തീരുമാനിക്കുകയുള്ളുവെന്നും നീതിപൂർവ്വമായ നടപടി മാത്രമേ നിയമസഭാ സമിതികൾ സ്വീകരിക്കുകയുള്ളൂ എന്നും കമ്മിറ്റി അറിയിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.35-ന് പിരിഞ്ഞു.

അനുബന്ധം 13

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 2018 നവംബർ 15 - ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2018 നവംബർ മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00-ന് നിയമസഭാ സമുച്ചയത്തിലെ 5 - എ സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം. എൽ. എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.
2. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

15-11-2017-ന് ശബരിമല വിഷയത്തിലെ സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന സർവ്വ കക്ഷിയോഗത്തിൽ പങ്കെടുക്കേണ്ടതിനാൽ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി യോഗത്തിൽ തെളിവെടുപ്പിനായി ഹാജരാകാൻ സാധിക്കില്ലെന്ന് ശ്രീ.പി.സി.ജോർജ് എം.എൽ.എ. അറിയിച്ചിരിക്കുന്നതായി ചെയർമാൻ കമ്മിറ്റി യോഗത്തിൽ അറിയിക്കുകയുണ്ടായി. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.യുടെ അവധി അപേക്ഷ സമിതി അംഗീകരിച്ചു. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 20(3) പ്രകാരം തന്നിൽ നിന്നും തെളിവെടുപ്പനടത്തുവാൻ പാടില്ലെന്ന് കാണിച്ച് ശ്രീ. പി. സി. ജോർജ്, എം.എൽ.എ. കത്ത് നൽകിയിട്ടുണ്ടെന്നും ചെയർമാൻ അറിയിച്ചു

പ്രസ്തുത കത്ത് കമ്മിറ്റി പരിഗണിച്ചു. 8-9-2018-ൽ കോട്ടയം പ്രസ്സ് ക്ലബിലെ പത്രസമ്മേളനത്തിൽ താൻ നടത്തിയ പരാമർശങ്ങൾ സംബന്ധിച്ച് കന്യാസ്ത്രീയുടെ പരാതിയുടെ അടിസ്ഥാനത്തിൽ കുറവിലങ്ങാട് പോലീസ് സ്റ്റേഷനിൽ ഐ. പി. സി. സെക്ഷൻ 509 പ്രകാരം ക്രൈം നമ്പർ 1080/2018 ആയി എഫ്.ഐ.ആർ. രജിസ്റ്റർ

ചെയ്തിട്ടുണ്ടെന്നും ആയതിന്മേൽ അന്വേഷണം നടന്നുവരികയാണെന്നും ഇതേ വിഷയത്തിൽ ദേശീയ വനിതാ കമ്മീഷൻ സ്വമേധയാ തനിക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുവെന്നും ഇതേ വിഷയം തന്നെയാണ് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി പരിശോധന നടത്തുന്നതെന്നും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ നടപടിക്രമങ്ങൾ നിയമവിരുദ്ധമാണെന്നും ഇങ്ങനെ നടപടി സ്വീകരിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 20(3) അനുസരിച്ച്, കുറ്റാരോപിതനെ അയാൾക്കെതിരായി സാക്ഷിയാകുന്നതിന് നിർബന്ധിക്കുവാൻ പാടില്ല എന്ന നിഷ്കർഷ ലംഘിക്കുന്നതാണെന്നും ആയതിനാൽ ഇക്കാര്യത്തിലുള്ള പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ തുടർനടപടികൾ അവസാനിപ്പിക്കണമെന്നും ശ്രീ. പി. സി. ജോർജ് എം.എൽ.എ. കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു. നിയമപരമായ വിഷയങ്ങളാണ് ശ്രീ.പി.സി. ജോർജ്, എം. എൽ. എ. ഉന്നയിച്ചിരിക്കുന്നതെന്നതിനാൽ നിയമസഭാ സെക്രട്ടറിയോട് നിയമോപദേശം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

കമ്മിറ്റിയുടെ അടുത്ത യോഗം 27-11-2018-ന് ചേരാൻ തീരുമാനിച്ചു.

രാവിലെ 11.50- ന് യോഗം അവസാനിച്ചു.

അനുബന്ധം 14

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 2018 നവംബർ 27 - ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2018 നവംബർ മാസം 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5 - എ സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
4. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
5. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
6. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

പരാതി വിഷയത്തിൽ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ തുടർനടപടികൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. ജോർജ് എം.എൽ.എ. നൽകിയ കത്തിന്മേൽ നിയമസഭാ സെക്രട്ടറി ലഭ്യമാക്കിയ നിയമോപദേശം കമ്മിറ്റി വിശദമായി പരിശോധിച്ചു. നിയമസഭാ സെക്രട്ടറിയുടെ നിയമോപദേശം കമ്മിറ്റി അംഗീകരിച്ചു. ശ്രീ. പി. സി. ജോർജ് എം.എൽ.എ.യുടെ കത്തിൽ ഉന്നയിക്കുന്ന വാദഗതികൾ നിലനിൽക്കുന്നതല്ലെന്ന് വിലയിരുത്തുകയും കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ട പരാതികളിന്മേൽ നടപടി തുടരാനും ആയത് ശ്രീ. പി. സി. ജോർജ് എം.എൽ.എ-യെ അറിയിക്കാനും കമ്മിറ്റി തീരുമാനിച്ചു. ശ്രീ. പി. സി. ജോർജ് എം.എൽ.എ.യിൽ നിന്നും 5-12-2018-ന് സഭാ സമ്മേളനത്തിനുശേഷം തെളിവെടുക്കാനും തീരുമാനിച്ചു.

കമ്മിറ്റിയുടെ അടുത്ത യോഗങ്ങൾ 5-12-2018, 10-12-2018 എന്നീ തീയതികളിൽ തിരുവനന്തപുരത്തുവച്ച് കൂടാൻ തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.15-ന് യോഗം അവസാനിച്ചു.

അനുബന്ധം 15

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 2018 ഡിസംബർ 10 - ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2018 ഡിസംബർ മാസം 10 -ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 4.00-ന് നിയമസഭാ സമുച്ചയത്തിലെ 5 - എ സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ് എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.
3. ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ജലന്ധർ ബിഷപ്പ് പ്രതിയായ പീഡനകേസിലെ വാദിയായ കന്യാസ്ത്രീക്കെതിരെ ശ്രീ. പി. സി. ജോർജ് എം.എൽ.എ. അപകീർത്തിപരമായ പരാമർശങ്ങൾ നടത്തിവരുന്നുവെന്നും അദ്ദേഹത്തിനെതിരെ സാധ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കേരള സംസ്ഥാന വനിതാ കമ്മീഷൻ ബഹു. സ്പീക്കർക്ക് സമർപ്പിച്ചതും കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ടതുമായ പരാതിയിന്മേലും ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള എന്ന സംഘടന, ഇരയായ കന്യാസ്ത്രീയേയും സമരംചെയ്ത മറ്റ് കന്യാസ്ത്രീകളേയും സ്വഭാവഹത്യ നടത്തുന്ന പാരമർശങ്ങൾ ശ്രീ പി. സി. ജോർജ് എം.എൽ.എ. നടത്തുന്നുവെന്നും ലൈംഗികപീഡകർക്കുവേണ്ടി പരസ്യമായി നിലകൊള്ളുകയും നിരന്തരം സ്ത്രീവിരുദ്ധവും ലിംഗ വിവേചനപരവുമായ പ്രസ്താവന നടത്തുകയും ചെയ്യുന്ന ഈ സാമാജികനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹു. സ്പീക്കർക്ക് സമർപ്പിച്ചതും കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ടതുമായ പരാതിയിന്മേലും ശ്രീ. പി. സി. ജോർജിനെ നേരിട്ട് കേൾക്കുന്നതിനായിട്ടാണ് കമ്മിറ്റി യോഗം ചേർന്നിരിക്കുന്നതെന്ന് ചെയർമാൻ ആമുഖമായി പറഞ്ഞു.

പ്രസ്തുത പരാതികളോടൊപ്പം സമർപ്പിക്കപ്പെട്ടിരുന്ന വീഡിയോ ക്ലിപ്പിംഗുകളും പത്രകട്ടിംഗുകളും കമ്മിറ്റി വിശദമായി പരിശോധിക്കുകയുണ്ടായെന്നും ഇതുകൂടാതെ ഈ വിഷയത്തിൽ തനിക്ക് പറയാനുള്ളതുകൂടി കേൾക്കണമെന്ന് ആവശ്യപ്പെട്ട് പീഡനകേസിലെ വാദിയായ കന്യാസ്ത്രീയുടെ സഹോദരി ശ്രീമതി ഡാർളി സാബു കമ്മിറ്റിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അവരെ കമ്മിറ്റി നേരിൽ കേൾക്കുകയുണ്ടായെന്നും ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കമ്മിറ്റിക്കാവശ്യമായ വിവരങ്ങൾ ലഭിക്കുന്നതിന് കമ്മിറ്റിയോട് സഹകരിക്കണമെന്നും കമ്മിറ്റി ചെയർമാൻ പറഞ്ഞു.

പരാതിക്കാസ്പദമായ കേസിൽ ശ്രീ. പി. സി. ജോർജിനുള്ള അമിതമായ താൽപ്പര്യത്തിന്റെ കാരണമെന്താണെന്നും പ്രസ്തുത കേസിലെ വാദിയുമായോ പീഡനാരോപണം ഉന്നയിക്കപ്പെട്ട ബിഷപ്പുമായോ എന്തെങ്കിലും തരത്തിലുള്ള വ്യക്തിപരമായ പരിചയമുണ്ടോയെന്നും കമ്മിറ്റി ആരാഞ്ഞു. ഇവരെ എനിക്ക് വ്യക്തിപരമായി മുൻപരിചയമില്ലെന്നും ജലന്ധർ ബിഷപ്പ് ഫ്രാങ്കോ, കന്യാസ്ത്രീയെ ബലാൽസംഗം ചെയ്തു എന്ന് പറയുന്നത് സത്യവിരുദ്ധമാണെന്നും അദ്ദേഹത്തെ താൻ ആദ്യമായി കാണുന്നത് പാലാ സബ് ജയിലിൽ വച്ചാണെന്നും കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ തന്നെ തോൽപ്പിക്കാനായി തന്റെ എതിർ സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. പി. സി. ജോസഫ് ഉൾപ്പെടെ ചിലർ കാഞ്ഞിരപ്പള്ളി എഞ്ചിനീയറിംഗ് കോളേജ് ഗസ്റ്റ് ഹൗസിൽ ഒരു യോഗം വിളിച്ചു ചേർത്തത് ബിഷപ്പ് ഫ്രാങ്കോയുടെ നേതൃത്വത്തിലാണെന്ന് തനിക്ക് വിവരം ലഭിച്ചിട്ടുണ്ടെന്നും ശ്രീ. പി. സി. ജോർജ് മറുപടി നൽകി. കന്യാസ്ത്രീയെ അപമാനിക്കുന്ന പദപ്രയോഗങ്ങൾ നടത്തിയ കോട്ടയത്തെ പത്രസമ്മേളനത്തിൽവച്ച് ശ്രീ. പി. സി. ജോർജ്, 12 പ്രാവശ്യം പരാതിപ്പെടാത്തയാൾ 13-ാമത്തെ തവണ ബലാൽസംഗം ചെയ്തതായി പരാതികൊടുത്തതിന്റെ അടിസ്ഥാനമെന്തെന്നും ആദ്യത്തെ തവണ തന്നെ പരാതി കൊടുക്കാത്തതെന്താണെന്നും ചോദിച്ചതിന് നിയമപരമായി എന്ത് വ്യാഖ്യാനമാണ് നൽകുന്നതെന്ന് കമ്മിറ്റി ആരാഞ്ഞു. ഇതിനുമറുപടിയായി "കന്യാസ്ത്രീ വേഷധാരിയായ സ്ത്രീ"-യുടെ പരാതി കമ്മിറ്റി മുമ്പാകെ ഇല്ലാത്തിടത്തോളം ഈ വിഷയം കമ്മിറ്റി പരിശോധിക്കുന്നത് ശരിയല്ലെന്നും അവർ പരാതിയുമായി വരികയാണെങ്കിൽ കമ്മിറ്റി പരിശോധിക്കുന്നതാണ് ഉചിതമെന്ന് ശ്രീ. പി. സി. ജോർജ് മറുപടി നൽകി. കുറവിലങ്ങാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 746/18-ൽ കന്യാസ്ത്രീ നൽകിയ എഫ്.ഐ. സ്റ്റേറ്റ്മെന്റിന്റെ കോപ്പി കമ്മിറ്റി മുമ്പാകെ ഹാജരാക്കിയ അദ്ദേഹം അതിലെ പ്രസക്ത ഭാഗങ്ങൾ കമ്മിറ്റി മുമ്പാകെ വായിച്ചു. എന്നാൽ കുറവിലങ്ങാട് മഠത്തിലെ ഗസ്റ്റ് ഹൗസിൽ വച്ച് പീഡനത്തിനിരയായതിനാൽ വിശദാംശങ്ങൾ കന്യാസ്ത്രീ നൽകിയിരിക്കുന്നത് മുഴുവൻ വായിച്ചുകേൾക്കാൻ ശ്രമിച്ചത് കമ്മിറ്റി തടയുകയും സമിതി മുമ്പാകെ പ്രസ്തുത രേഖകൾ സമർപ്പിച്ചാൽ മതിയെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത

എഫ്.ഐ. സ്റ്റേറ്റ്മെന്റിൽ "ബലാൽസംഗം" എന്ന ഒരു പദം ഇല്ല എന്ന കാര്യം ബോധ്യപ്പെടുത്താനാണ് താൻ അതുവായിക്കാൻ ശ്രമിച്ചതെന്ന് ശ്രീ. പി. സി. ജോർജ് പറഞ്ഞു. അവിടെ നടന്നത് ബലാൽക്കാരമാണെന്നും ഇതിന്റെ പേരിൽ കന്യാസ്ത്രീയെ കോട്ടയം മെഡിക്കൽ കോളേജിൽ വച്ച് വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കിയെന്നും അതിന്റെ റിപ്പോർട്ട് മനഃപൂർവ്വമാണ് താൻ ഹാജരാക്കാത്തതെന്നും മോശമായ പരാമർശങ്ങളാണ് അതിൽ ഉള്ളതെന്നും അദ്ദേഹം കമ്മിറ്റിയെ അറിയിച്ചു

കന്യാസ്ത്രീയുടെ സ്വഭാവശുദ്ധിയെപ്പറ്റി അന്വേഷിക്കലല്ല അവരെപറ്റി ശ്രീ. പി. സി. ജോർജ് നടത്തിയ മോശം പരാമർശങ്ങളാണ് കമ്മിറ്റിയുടെ പരിശോധനാ വിഷയം എന്ന് കമ്മിറ്റി ഓർമ്മിപ്പിച്ചു. കന്യാസ്ത്രീയെ താൻ *********** എന്ന് വിളിച്ചത് സംബന്ധിച്ചാണ് പരാതിയെന്നും അങ്ങനെ വിളിക്കപ്പെടാൻ അവർ യോഗ്യയാണെന്നും അത് കമ്മിറ്റി മുമ്പാകെ തെളിയിക്കേണ്ട ബാധ്യത തനിക്ക് ഉള്ളതിനാലാണ് ഇക്കാര്യങ്ങൾ വിശദീകരിച്ചതെന്നും ശ്രീ. പി. സി. ജോർജ് കമ്മിറ്റിയെ അറിയിച്ചു. ബിഷപ്പ് ഫ്രാങ്കോ നിരപരാധിയാണെന്ന് നൂറ് ശതമാനം ബോധ്യപ്പെട്ടതുകൊണ്ടാണ് താൻ അദ്ദേഹത്തിന് അനുകൂലമായ നിലപാട് സ്വീകരിച്ചതെന്നും ശ്രീ. പി. സി. ജോർജ് കമ്മിറ്റി മുമ്പാകെ പറഞ്ഞു. "കന്യാസ്ത്രീ എന്നുപറയുന്ന സ്ത്രീ" യുടെ സഹോദരിയുടെ മകന്റെ ആദ്യ കുർബാന സമയത്ത് എടുത്ത ചിത്രങ്ങൾ തന്റെ പക്കൽ ഉണ്ടെന്നും പീഡനം നടന്നതായി പറയപ്പെടുന്ന ദിവസത്തിന്റെ പിറ്റേന്ന് നടന്ന ഈ ചടങ്ങിൽ ബിഷപ്പ് ഫ്രാങ്കോയ്ക്ക് കന്യാസ്ത്രീ ഭക്ഷണം വിളമ്പിക്കൊടുക്കുകയും മറ്റും ചെയ്യുന്നതിന്റെ ചിത്രങ്ങൾ ഇതിലുണ്ടെന്നും ഇതെടുത്ത ഫോട്ടോഗ്രാഫറെ പോലീസ് ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തി ഫോട്ടോകൾ കൈവശം എടുക്കാൻ ശ്രമിച്ചതറിഞ്ഞ് താൻ അന്ന് എടുത്ത ഫോട്ടോയുടേയും സി.ഡി.യുടേയും ഒറിജിനൽ ഫോട്ടോഗ്രാഫറുടെ കൈയിൽ നിന്നും വാങ്ങി ഭദ്രമായി സൂക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഇതിൽ പെട്ട ചില ഫോട്ടോഗ്രാഫുകൾ ശ്രീ. പി. സി. ജോർജ് പ്രദർശിപ്പിക്കുകയും കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. പതിമൂന്ന് തവണ ബലാൽസംഗം ചെയ്യപ്പെട്ട സ്ത്രീ പന്ത്രണ്ടാമത്തെ തവണ വരെ പരാതിപ്പെടാതിരുന്നത് എന്തുകൊണ്ടാണെന്ന ചോദ്യം ശ്രീ. പി. സി. ജോർജ് കമ്മിറ്റി മുമ്പാകെ ആവർത്തിച്ചു. ഒരു സ്ത്രീ തെറ്റുചെയ്ത ആളെന്നുകണ്ടാൽ ഒരു പൊതുപ്രവർത്തകനെന്ന നിലയിൽ അത് തെറ്റാണെന്ന് താൻ പറയുകയും അവർ നന്നാകാൻ വേണ്ടിയാണ് താൻ ഇതൊക്കെ പറയുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒരു നിയമസഭാംഗം ഇത്തരത്തിലുള്ള പ്രസ്താവന നടത്തുന്നത് ശരിയാണോ എന്ന കമ്മിറ്റിയുടെ ചോദ്യത്തിന് നിയമസഭാംഗമല്ലാത്ത മറ്റാരെങ്കിലും പറഞ്ഞാൽ വില കിട്ടില്ലെന്നും താൻ പറഞ്ഞാൽ മാത്രമേ ആളുകൾ ശ്രദ്ധിക്കുവെന്നും ഒരു സ്ത്രീ നിരപരാധിയെന്ന് കണ്ടാൽ അവരൊടൊപ്പം നിൽക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഈ വിഷയത്തിൽ ഇടപെട്ട 81 കന്യാസ്ത്രീകളിൽ ആറ് പേർ "പിഴച്ചപോയി" എന്നും ആ വാക്ക് തന്നെ കമ്മിറ്റിയുടെ മുമ്പാകെ പറയുന്നത് തനിക്ക് അക്കാര്യത്തിൽ ബോധ്യമുള്ളത് കൊണ്ടാണെന്നും അദ്ദേഹം കമ്മിറ്റിയെ അറിയിച്ചു. പെരുമ്പാവൂരിൽ താൻ നേരിട്ടുപോയി ഇവരുടെ സഹോദരിയുടെ താമസസ്ഥലം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചുവെന്നും കന്യാസ്ത്രീ ജലന്ധറിലെ മദർ ജനറാൾ ആയിരുന്ന കാലത്ത് അനധികൃതമായി സമ്പാദിച്ചതാണ് ഈ സ്വത്ത് വകകളെന്ന് തനിക്ക് മനസ്സിലായെന്നും ശ്രീ. പി. സി. ജോർജ് കമ്മിറ്റിയെ ബോധിപ്പിച്ചു. പന്ത്രണ്ട് പ്രാവശ്യം എതിർപ്പില്ലാതെ പതിമൂന്നാമത്തെ തവണ പരാതി നൽകിയ സ്ത്രീ ഒരു********* ആണെന്ന കാര്യത്തിൽ സംശയമുണ്ടോ?എന്നും "പലരുമായി ശാരീരിക ബന്ധം പുലർത്തുന്ന സ്ത്രീ********* ആണെന്ന് പറയേണ്ടിവരും" എന്നുമൊക്കെ നടത്തിയ പരാമർശങ്ങളെ പറ്റി കമ്മിറ്റി ചോദിച്ചപ്പോൾ ആ സ്ത്രീ എന്നല്ല ഒരു സ്ത്രീയേയും ********* എന്ന് വിളിക്കാൻ പാടില്ല എന്നും പത്രസമ്മേളനം നടത്തി താൻ അതിൽ ഖേദം പ്രകടിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം മറുപടി നൽകി. ലൈംഗിക തൊഴിൽ ചെയ്യുന്ന ഒരു സ്ത്രീക്കുപോലും അവരെ ഇങ്ങനെ വിളിച്ചാൽ മാനസിക പ്രയാസം ഉണ്ടാകുമെന്ന് മനസ്സിലായപ്പോഴാണ് താൻ ക്ഷമ ചോദിച്ചതെന്നും കമ്മിറ്റി മുമ്പാകെയും ക്ഷമ ചോദിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ബിഷപ്പിനെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് എറണാകുളത്ത് നടന്ന സത്യാഗ്രഹത്തിൽ പങ്കെടുത്ത മൂന്ന് കന്യാസ്ത്രീകളെ കന്യകാത്വ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് പത്രസമ്മേളനത്തിൽ പറഞ്ഞത് എന്ത് അടിസ്ഥാനത്തിലാണെന്നും ഇത് അവരെ മാനസികമായി തളർത്താൻ ഉദ്ദേശിച്ച് ആയിരുന്നില്ലേ എന്നും കമ്മിറ്റി ചോദിച്ചപ്പോൾ അവരിൽ രണ്ട് പേരെ നേരിട്ട് തനിക്ക് പരിചയമുണ്ടെന്നും അവരുടെ സ്വഭാവത്തെ പറ്റി ബോധ്യമുള്ളതുകൊണ്ടാണെന്നും അവരിൽ രണ്ട് പേർ സമരത്തിന് ശേഷം തന്നെ വിളിച്ച് അവരുടെ പേര് പരസ്യമാക്കരുതെന്നും ഇനി സമരത്തിന് ഇല്ലെന്നും തന്നോട് പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കന്യാസ്ത്രീകളുടെ സ്വഭാവത്തെക്കുറിച്ച് ശ്രീ. പി. സി. ജോർജ് സ്വകാര്യ അന്വേഷണം നടത്തുന്നതിന്റെ കാരണം എന്താണെന്ന് കമ്മിറ്റിയുടെ ചോദ്യത്തിന് ഉത്തരമായി പൊതുപ്രവർത്തകനെന്ന നിലയിൽ തർക്ക പരിഹാരത്തിന് തന്റെയടുത്ത് വന്ന ചില കന്യാസ്ത്രീകളുടെ വിശദാംശങ്ങൾ താൻ അന്വേഷിച്ചിട്ടുണ്ടെന്നും ചിലരുടെ മോശമായ പ്രവൃത്തികളെ കുറിച്ച് വിവരം ലഭിച്ചിട്ടുണ്ടെന്നും അവരിൽ ഒരാൾ എറണാകുളത്ത് സത്യാഗ്രഹത്തിൽ പങ്കെടുത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഒരു സ്ത്രീ പീഡന കേസിൽ പോലീസ് അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഒരു ഉത്തരവാദിത്തപ്പെട്ട നിയമസഭാംഗം മാധ്യമങ്ങളിലൂടെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഇരയെക്കുറിച്ച് ഉന്നയിക്കുന്നത് കേസന്വേഷണത്തെ ദുർബലപ്പെടുത്താനും അട്ടിമറിക്കാനുമല്ലേയെന്ന് കമ്മിറ്റി ആരാഞ്ഞു. ഇതിനുത്തരമായി കുറവിലങ്ങാട്ടുള്ള ഫോട്ടോഗ്രാഫറെ വിളിച്ചുവരുത്തി കമ്മിറ്റി വിശദമായി അന്വേഷിച്ചാൽ കാര്യങ്ങൾ വ്യക്തമാകും എന്ന് ശ്രീ. പി. സി. ജോർജ് മറുപടി പറഞ്ഞതിനെ കമ്മിറ്റി എതിർക്കുകയും കന്യാസ്ത്രീയുടെ പരിശുദ്ധി സംബന്ധിച്ച വിഷയമല്ല കമ്മിറ്റിയുടെ മുന്നിലെന്നും മറിച്ച് ഒരു നിയമസഭാംഗം ഒരിക്കലും പറയാൻ പാടില്ലാത്ത കാര്യങ്ങൾ പരസ്യമായി പറഞ്ഞുകൊണ്ട് ഇരയ്ക്കും അവരുടെ കുടുംബത്തിനും സ്ത്രീ സമൂഹത്തിന് പൊതുവേയും ഉണ്ടാക്കിയിട്ടുള്ള അപമാനമാണെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. "ബലാൽസംഗം ആണെങ്കിലും സംഗം ആണെങ്കിലും ആ സ്ത്രീ പതിതയായി", "മാന്യതയില്ലെങ്കിൽ ഉടുപ്പ് ഊരി കളഞ്ഞിട്ടുവേണം അവർ കേസിന് പോകേണ്ടത് ", "ബിഷപ്പ് കാശ് കൊടുക്കുമായിരുന്നെങ്കിൽ ഈ കന്യാസ്ത്രീ ഇങ്ങനെ ഇറങ്ങുകയില്ല", "കന്യാസ്ത്രീ പതിതയാണെന്ന് അവർ തന്നെ സമ്മതിച്ചു" എന്നിങ്ങനെയുള്ള അവഹേളനപരമായ പ്രസ്താവനകളുടെ അർത്ഥവ്യാപ്തിയെക്കുറിച്ച് അറിവുള്ളതല്ലേ എന്ന ചോദ്യത്തിന് മാന്യമായി ജീവിക്കുന്ന ആരെപ്പറ്റിയും താൻ ഒന്നും പറയാറില്ലെന്നും പതിമൂന്ന് പ്രാവശ്യം ശാരീരിക ബന്ധം പുലർത്തിയെന്ന് മൊഴിനൽകിയ സ്ത്രീ കന്യാസ്ത്രീ പദവി ഒഴിഞ്ഞുപോകണം എന്നുമാത്രമാണ് താൻ പറഞ്ഞതെന്ന് ശ്രീ. പി. സി. ജോർജ് പറഞ്ഞു.

കന്യാസ്ത്രീ 2017 മേയ് മാസത്തിൽ തിരുവസ്ത്രം ഉപേക്ഷിച്ച് വീട്ടിലേയ്ക്ക് തിരികെ പോയ സംഭവം ഉണ്ടായെന്ന ശ്രീ. പി. സി. ജോർജിന്റെ പ്രസ്താവന കന്യാസ്ത്രീയുടെ സഹോദരി കമ്മിറ്റി മുമ്പാകെ നിഷേധിച്ചെന്ന് അറിയിച്ചപ്പോൾ ഇത് സംബന്ധിച്ച തെളിവുകൾ തന്റെ പക്കൽ ഉണ്ടെന്നും അതു കമ്മിറ്റി മുമ്പാകെ ഹാജരാക്കാമെന്നും അദ്ദേഹം പറഞ്ഞു. കോട്ടയം മെഡിക്കൽ കോളേജിലെ മെഡിക്കൽ പരിശോധനാ റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് കന്യാസ്ത്രീ അപഥസഞ്ചാരിണി ആണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചതിനെക്കുറിച്ചും പ്രസ്തുത റിപ്പോർട്ടിന്റെ ആധികാരികതയെക്കുറിച്ചും കമ്മിറ്റി ചോദിച്ചപ്പോൾ ഉത്തരവാദപ്പെട്ട ചിലർ പറഞ്ഞറിഞ്ഞതാണ് റിപ്പോർട്ടിലെ വിവരങ്ങൾ എന്ന് അദ്ദേഹം മറുപടി പറഞ്ഞു. പ്രതിചേർക്കപ്പെട്ട ബിഷപ്പ് നിരപരാധിയാണെന്ന് സ്ഥാപിക്കാനും കേസ് ദുർബലപ്പെടുത്താനും ഉദ്ദേശിച്ചല്ലേ മെഡിക്കൽ റിപ്പോർട്ടിനെക്കുറിച്ച് മാധ്യമങ്ങളോട് പറഞ്ഞത് എന്നു ചോദിച്ചപ്പോൾ എന്തായാലും റിപ്പോർട്ട് കോടതിയിൽ വരുമെന്നും താൻ അതിന്റെ ഉള്ളടക്കം മനസ്സിലാക്കി എന്നത് പലർക്കും മനപ്രയാസം ഉണ്ടാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു .

കന്യാസ്ത്രീയുടെ സഹോദരിയുടെ മകന്റെ ആദ്യ കുർബാന ചടങ്ങിൽ എടുത്ത ഫോട്ടോകൾ മോർഫ് ചെയ്ത് പ്രചരിപ്പിച്ചെന്ന സഹോദരിയുടെ ആരോപണം സംബന്ധിച്ച് ഇതുവരെ താൻ ഈ ഫോട്ടോകൾ ആരെയും കാണിച്ചിട്ടില്ലെന്നും ഏതെങ്കിലും മാധ്യമങ്ങളിൽ ചിത്രം വന്നിട്ടുണ്ടെങ്കിൽ തനിക്ക് ഉത്തരവാദിത്വം ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

സമാനമായ ചില കേസുകളിൽ കുറ്റാരോപിതന് അനുകൂലമായി സംസാരിച്ചത് സാമാജികരുടെ പെരുമാറ്റചട്ടത്തിന്റെ ലംഘനവും പ്രതികളെ രക്ഷപ്പെടുത്താനുള്ള ഇടപെടലുമല്ലേ എന്ന കമ്മിറ്റിയുടെ ചോദ്യത്തിന് അക്കാര്യം നിഷേധിക്കുന്നുവെന്ന് അദ്ദേഹം മറുപടി നൽകി. കന്യാസ്ത്രീയെപറ്റി നടത്തിയ ഒരു പദപ്രയോഗം സംബന്ധിച്ച് വിവാദമുണ്ടായപ്പോൾ ആ വാക്ക് പിൻവലിക്കുകയും ഖേദ പ്രകടനം നടത്തുകയും ചെയ്തിട്ടുണ്ടെന്നും പറഞ്ഞ മറ്റുകാര്യങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടിട്ടില്ലെന്നും അതിൽ പശ്ചാത്താപം ഇല്ലെന്നും അദ്ദേഹം കൂട്ടി ചേർത്തു.

തന്റെ ആസ്തികളുടെ ഉറവിടം സംബന്ധിച്ച കൃത്യമായ രേഖകൾ കന്യാസ്ത്രീയുടെ സഹോദരി കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും വിധവയായ ഒരു സ്ത്രീയെ പൊതുജന മധ്യത്തിൽ താറടിച്ചുകാണിച്ചെന്നും അവഹേളനങ്ങൾ തുടർന്നാൽ മരിക്കേണ്ടിവരുന്ന സാഹചര്യമാണ് ഉള്ളതെന്നും കന്യാസ്ത്രീയുടെ സഹോദരി കമ്മിറ്റി മുമ്പാകെ മൊഴി നൽകേണ്ടിവന്ന അവസ്ഥ സൃഷ്ടിച്ചത് അംഗങ്ങളുടെ പെരുമാറ്റചട്ടത്തിന്റെ ലംഘനമല്ലെയെന്ന് കമ്മിറ്റി ചോദിച്ചപ്പോൾ. "കന്യാസ്ത്രീ വേഷധാരിയായ സ്ത്രീ " അനധികൃതമായി സമ്പാദിച്ചതാണ് കുടുംബത്തിന്റെ സ്വത്ത് എന്ന കാര്യത്തിൽ തനിക്ക് സംശയമില്ലെന്നും ശ്രീ. പി. സി. ജോർജ് പറഞ്ഞു. സ്ത്രീകൾ ഉൾപ്പെട്ട പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രതികരണങ്ങളിൽ സ്ത്രീവിരുദ്ധമായ വാക്കുകളും പ്രയോഗങ്ങളും നിരന്തരം നടത്തുന്നത് സംബന്ധിച്ച ചോദ്യത്തിന് ആ വാക്കുകൾ എല്ലാം അവർക്ക് യോഗ്യമാണ് എന്നാണ് താൻ കരുതുന്നതെന്നും ചിലതൊക്കെ നാടൻ പ്രയോഗങ്ങൾ ആണെന്നും അദ്ദേഹം മറുപടി നൽകി. തന്റെ വാദങ്ങൾ സാധൂകരിക്കാനായി ചില രേഖകൾ ശ്രീ. പി. സി. ജോർജ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചു

കമ്മിറ്റിയുടെ അടുത്ത യോഗങ്ങൾ 20-12-2018, 27-12-2018 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് ചേരാൻ തെളിവെടുപ്പ് പൂർത്തിയായ ശേഷം കമ്മിറ്റി തീരുമാനിച്ചു

യോഗം വൈകുന്നേരം 5.35-ന് അവസാനിച്ചു

## അനുബന്ധം 16

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 20-12-2018-ലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ഒരു യോഗം 2018 ഒക്ടോബർ 31-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2 മണിക്ക് '5 A' കോൺഫറൻസ് ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം. എൽ. എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ശ്രീ. പി. സി. ജോർജ്, എം.എൽ.എ.ക്കെതിരെ സംസ്ഥാന വനിതാ കമ്മീഷൻ, ഫെമിനിസ്റ്റ് ലായേഴ്സ് ഓഫ് കേരള എന്നിവർ സമർപ്പിച്ച പരാതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

ശ്രീ. പി. സി. ജോർജ്, എം.എൽ.എ.ക്കെതിരെ സംസ്ഥാന വനിതാ കമ്മീഷൻ, ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള എന്നിവർ സമർപ്പിച്ചതും സമിതിക്ക് റഫർ ചെയ്യപ്പെട്ടതുമായ പരാതികളിന്മേൽ കമ്മിറ്റി മുമ്പാകെ ലഭിച്ച തെളിവുകൾ പരിശോധിച്ചു. 10-12-2018-ന് നടന്ന തെളിവെടുപ്പ് യോഗത്തിൽ ശ്രീ. പി. സി. ജോർജ്, എം.എൽ.എ. കമ്മിറ്റി മുമ്പാകെ സമർപ്പിച്ച താഴെപ്പറയുന്ന രേഖകൾ കമ്മിറ്റി പരിശോധിച്ചു.

1. കറവിലങ്ങാട് പോലീസ് സ്റ്റേഷനിൽ 28-6-2016-ന് കന്യാസ്ത്രീ നൽകിയ മൊഴി.
2. ബിഷപ്പ് ഡോ. ഫ്രാങ്കോ മുളയ്ക്കലിനുവേണ്ടി കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച ഹർജി.
3. 12-9-2018-ലെ ജലന്ധർ രൂപത കാര്യാലയത്തിൽ നിന്നിറക്കിയ വാർത്താക്കുറിപ്പ്.
4. കന്യാസ്ത്രീ മദർ സുപ്പീരിയറിനയച്ച കത്ത്.

ശ്രീ. പി. സി. ജോർജ്, എം.എൽ.എ.ക്കെതിരെ സംസ്ഥാന വനിതാ കമ്മീഷൻ, ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള എന്നിവർ നൽകിയ പരാതിയിൽ കഴമ്പുണ്ടെന്നും ഇവർ ഹാജരാക്കിയ തെളിവുകൾ അദ്ദേഹത്തിനെതിരായ ആരോപണങ്ങളെ സാധൂകരിക്കുന്നതാണെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു പീഡന കേസിൽ പ്രതിചേർക്കപ്പെട്ട ബിഷപ്പ് നിരപരാധിയാണെന്ന് സ്ഥാപിക്കാനാണ് തെളിവെടുപ്പ് വേളയിൽ ഉടനീളം ശ്രീ. പി. സി. ജോർജ്, എം.എൽ.എ. ശ്രമിച്ചതെന്നും ഇത് സ്ഥാപിക്കാനുള്ള രേഖകളാണ് അദ്ദേഹം ഹാജരാക്കിയിട്ടുള്ളതെന്നും എന്നാൽ കമ്മിറ്റിയുടെ പരിഗണനാവിഷയം ഇതല്ലെന്ന് കമ്മിറ്റി നിരീക്ഷിച്ചു. പീഡനത്തിനിരയായ കന്യാസ്ത്രീയെ പറ്റി മോശമായ പദപ്രയോഗങ്ങൾ ഉപയോഗിച്ചുകൊണ്ട് പത്രസമ്മേളനം നടത്തുകയും മാധ്യമങ്ങളുടെ മുന്നിൽ നിരവധി തവണ ഇത് ആവർത്തിക്കുകയും ചെയ്തു എന്ന കാര്യം പരാതികളോടൊപ്പം സമർപ്പിക്കപ്പെട്ടിരുന്ന വീഡിയോ ദൃശ്യങ്ങൾ പരിശോധിച്ചതിലൂടെ കമ്മിറ്റിക്ക് ബോധ്യമായിട്ടുണ്ട്. ശ്രീ. പി. സി. ജോർജ് സ്ത്രീത്വത്തെ അപമാനിച്ചു എന്ന പരാതി നിലനിൽക്കുന്നതാണെന്ന് കമ്മിറ്റി നിരീക്ഷിച്ചു. പീഡനത്തിനിരയായ സ്ത്രീയുടെ ഭാഗത്താണ് തെറ്റെന്ന് സ്ഥാപിക്കാനും ഉത്തരവാദിയായ പുരുഷന്റെ നിരപരാധിത്വം ഉറപ്പിക്കാനുള്ള ശ്രമമാണ് ഇദ്ദേഹം കമ്മിറ്റി മുമ്പാകെ നടത്തിയത്.

"കന്യാസ്ത്രീ വേഷധാരിയായ സ്ത്രീ" "വഴിയിൽ കിടക്കുന്ന ഒരു സ്ത്രീ" "അപഥസഞ്ചാരിണി" *********** എന്നൊക്കെ വിളിച്ച് പീഡനത്തിനിരയായ കന്യാസ്ത്രീയെ നിരന്തരം അപമാനിക്കുകയും *********** എന്ന വാക്കിന് അവർക്ക് യോഗ്യതയുണ്ടെന്നും ആവർത്തിക്കുകയാണ് ശ്രീ. പി. സി. ജോർജ് എം.എൽ.എ. തെളിവെടുപ്പ് വേളയിൽ ചെയ്തത്. സമാനമായ മറ്റൊരു കേസിൽ അടക്കം സ്ത്രീയുടെ ഭാഗത്ത് തെറ്റുണ്ടെന്നും ആരോപണ വിധേയനായ പുരുഷൻ നിരപരാധിയാണെന്നും കമ്മിറ്റി മുമ്പാകെ അദ്ദേഹം വാദിക്കുകയുണ്ടായി. സമരം ചെയ്ത കന്യാസ്ത്രീകളിൽ ആറ് കന്യാസ്ത്രീകൾ പിഴച്ച് പോയവർ ആണെന്ന് തന്റെ മുൻ പ്രസ്താവനകളിൽ അദ്ദേഹം ഉറച്ച് നിൽക്കുന്നതായി കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. ഇത്തരത്തിലുള്ള പ്രസ്താവനകൾ പരസ്യമായും മാധ്യമങ്ങൾക്ക് മുന്നിലും നടത്തുന്നത് ഒരു നിയമസഭാ സാമാജികന് ചേർന്നതല്ലെന്നും മാധ്യമപ്രവർത്തകരോട് സംസാരിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ അദ്ദേഹം പാലിച്ചിട്ടില്ല എന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. നിയമസഭാ സാമാജികർ സഭയ്ക്ക് പുറത്ത് സ്വീകരിക്കേണ്ട സദാചാര തത്വങ്ങളെപ്പറ്റി വ്യക്തമായി ബോധ്യമുള്ള സീനിയറായ ഒരു

സാമാജികൻ ഇത്തരത്തിൽ പ്രവർത്തിക്കുന്നതും പ്രസ്തുത തത്വങ്ങൾ ലംഘിക്കുന്നത് ഗൗരവമായി എടുത്ത് നടപടി സ്വീകരിക്കുവാൻ കമ്മിറ്റിക്ക് ബാധ്യതയുണ്ട്. അല്ലെങ്കിൽ പൊതുസമൂഹത്തിന് ജനാധിപത്യ സ്ഥാപനങ്ങളോടുള്ള ബഹുമാനത്തിനുതന്നെ ഇടിവുതട്ടുമെന്നും ജനാധിപത്യ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ കമ്മിറ്റിക്ക് ഒരു ഒത്തുതീർപ്പും സാധ്യമല്ലെന്നും വിലയിരുത്തി. ഒരു സാമാജികൻ പുലർത്തേണ്ട നിയമപരവും ധാർമ്മികപരവുമായ കാര്യങ്ങൾ ഏതൊക്കെ രീതിയിലാണ് അദ്ദേഹം ലംഘിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുന്ന റിപ്പോർട്ട് കീഴ്‌വഴക്കങ്ങളും മുൻകാല സംഭവങ്ങളും പരിശോധിച്ചുകൊണ്ട് തയ്യാറാക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചു. കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ട ശ്രീ. ബഷീർകുട്ടി, കൊട്ടിയം എന്നയാൾ ഇതേ വിഷയം സംബന്ധിച്ച് സമർപ്പിച്ച പരാതി വ്യക്തത ഇല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് കമ്മിറ്റി തീരുമാനിച്ചിരുന്നുവെങ്കിലും പ്രസ്തുത പരാതി കൂടി റിപ്പോർട്ടിന്റെ ഭാഗമാക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.

കമ്മിറ്റിയുടെ അടുത്ത യോഗം 4-1-2019-ന് തിരുവനന്തപുരത്ത് ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.15-ന് പിരിഞ്ഞു.

## അനുബന്ധം 17

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2021 ജനുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്ത ഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി(2019-2021) 2021 ജനുവരി 18-ാം തീയതി വെള്ളിയാഴ്ച സഭാ സമ്മേളനത്തിന് ശേഷം നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം. എൽ. എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. ജോൺ ഫെർണാണ്ടസ് എം. എൽ. എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ എം. എൽ. എ.
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം. എൽ. എ.
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
5. ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ.
6. ശ്രീ. വി. എസ്. ശിവകുമാർ, എം. എൽ. എ.

കൂടാതെ ശ്രീ. ഡി. കെ. മുരളി, എം.എൽ.എ, ഓൺലൈൻ മുഖേനയും യോഗത്തിൽ പങ്കെടുത്തു.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

ഒരു പീഡന കേസിലെ വാദിയായ കന്യാസ്ത്രീക്കെതിരെ ശ്രീ. പി. സി. ജോർജ് എം.എൽ.എ. അപകീർത്തിപരമായ പരാമർശങ്ങൾ നടത്തിവരുന്നുവെന്നും അദ്ദേഹത്തിനെതിരെ സാധ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ട് കേരള വനിതാ കമ്മീഷൻ അദ്ധ്യക്ഷ ശ്രീമതി എം. സി. ജോസഫൈൻ, ഫെമിനിസ്റ്റ് ലായേഴ്സ് നെറ്റ്‌വർക്ക് ഓഫ് കേരള എന്നിവർ സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട് കമ്മിറ്റി പരിഗണിക്കുകയും ശ്രീ. പി. സി. ജോർജിന്റെ ഈ വിഷയത്തിലുണ്ടായ പ്രവൃത്തികൾ നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനമാണെന്നും നിയമസഭയുടെയും അതിലെ അംഗങ്ങളുടെയും അന്തസ്സിന് കോട്ടം തട്ടുന്നതാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 53(ബി)-ൽ അനുശാസിക്കും പ്രകാരം അദ്ദേഹത്തെ ശാസിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

യോഗം രാത്രി 7.45-ന് പിരിഞ്ഞു.